J. M. J.

# കർമ്മല കുസുമം.

൨൧-ാം പുസ്തകം.

ദൈവജനനിയുടെ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന
ഒരു പ്രതിമാസപത്രിക.

MANNANAM

PRINTED AT THE ST. JOSEPH'S PRESS.

1929.




പതിനൊന്നാം പീയൂസ് മാപ്പാപ്പാ തിരുമനസ്സിലെ
ഗുരുപ്പട്ട സ്വർണ്ണജൂബിലി വത്സരം.

# കർമ്മല കുസുമം.

പുസ്തകം ൨൧)    ജനുവരി..    (ലക്കം ൭.

# നവവത്സര കീർത്തനം.

(ശ്രീമാൻ കെ. ഏ. പോൾ.)

(ഇഷ്ടരഥി റാണി എന്ന മട്ട്)

1 ഓളംപോലലയും—ഗോളം—മായമല്ലയൊ സോദരാ–
നാളുകളും പോയീടുന്നു നീളെ നീളെയായി—സോദരാ. . . . ഓളം.

2 മാററങ്ങളല്ലാതുലകിൽ—മറേറതാനുമോ— സോദരാ–
കോട്ടങ്ങളും തട്ടീടുന്നു— കോട്ടകൾക്കുമെൻ സോദരാ. . . . ഓളം.

3 ലോകസുഖങ്ങൾ സർവ്വവും — ശോക കാരണമല്ലയൊ–
ലോകസുഖത്യാഗങ്ങളാൽ— നിത്യസുഖം— പാർത്തുകൊൾക. ഓളം.

# പ്രസാധകക്കുറിപ്പുകൾ.

### നവവത്സരം.

മഹാവന്ദ്യ ദിവ്യശ്രീ എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ഇടയലേഖനത്തിൽനിന്നു ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു,

'സംവത്സരാവസാനദിവസം കഴിഞ്ഞു വരുന്നതു നവവത്സരദിനമാണല്ലോ. ഈ അവസരം നമുക്കു വളരെ പ്രധാനമായിട്ടുള്ള ഒന്നുതന്നെയെന്നതിനു സംശയമില്ല. ഒരു കാര്യം നന്നായിത്തുടങ്ങുന്നതു അതു നന്നായിത്തുടരുന്നതിനും അവസാനിപ്പിക്കുന്നതിനും കാരണമായിത്തീരുന്നു. തൻമൂലം ഈ നവവത്സരത്തെ നന്നായി ആരംഭിക്കുന്നതു അതിൽ ന

DHARMARAM COLLEGE LIBRARY. BANGALORE. 15619

മുക്കണ്ടാകുവാനിരിക്കുന്ന അദ്ധ്യാത്മികവും ലൌകികവുമായ സകല ഐശ്വര്യാഭിവൃദ്ധിക്കും നിദാനമായിരിക്കും.

അതിനു നാം ആദ്യമായി ചെയ്യേണ്ടതു ആ വത്സരത്തിലെ നമ്മുടെ ജീവിതരീതിയേപ്പററി ആരംഭത്തിൽത്തന്നെ ചിന്തിക്കുകയും അതിനെ ശരിയായി നിയന്ത്രിക്കുന്നതിനുള്ള നിശ്ചയങ്ങൾ തയാറാക്കുകയും ചെയ്യുന്നതാകുന്നു. നമ്മുടെ സകല പ്രവൃത്തികളും മനോനിശ്ചയത്തേയും അവയുടെ ദൃഢതയേയും ആശ്രയിച്ചിരിക്കും. ആകയാൽ "അടുത്ത സംവത്സരത്തിൽ എന്റെ പുണ്യപൂൎണ്ണതക്കും ലൌകികാഭിവൃദ്ധിക്കും ഇന്നിന്ന കാൎയ്യങ്ങൾ ഞാൻ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു; ഇന്നിന്ന വീഴ്ചകളിൽനിന്നും അവയുടെ സാഹചൎയ്യങ്ങളിൽനിന്നും കാരണങ്ങളിൽനിന്നും മാറുന്നതിനു ഞാൻ ഉറച്ചിരിക്കുന്നു; തിരുസഭയുടെ പുകഴ്ചക്കും വൎദ്ധനവിനുമായി ഇന്നിന്ന വിധത്തിൽ പ്രവൎത്തിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കുന്നു; പരോപകാരപരമായ ഇന്നിന്ന ഏൎപ്പാടുകളെ തുടങ്ങുകയോ സഹായിക്കയോ ചെയ്യുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു." എന്നിപ്രകാരം നമ്മുടെ ജീവിതഗതിയെ നിയന്ത്രിക്കുന്നതായ ഒരു പ്രവൃത്തിമാൎഗ്ഗത്തെ നാം ഈ നവവത്സര ദിനത്തിൽത്തന്നെ തയാറാക്കുകയും അതിനെ പാടുള്ള ശ്രദ്ധയോടും ശുഷ്കാന്തിയോടുംകൂടി അനുവൎത്തിക്കാമെന്നു പ്രതിജ്ഞ ചെയ്യുകയും ചെയ്യണം."

ഞങ്ങളുടെ മാന്യമിത്രങ്ങൾക്കെല്ലാവൎക്കും ഈ ശുഭാവസരത്തിൽ അഭിവൃദ്ധികരമായ ഒരു നവവത്സരം ആശംസിച്ചുകൊള്ളട്ടെ.

## ഗുരുപ്പട്ട സ്വൎണ്ണ ജൂബിലി.

പതിനൊന്നാം പീയൂസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു ആദ്യ ദിവ്യപൂജ അൎപ്പിച്ചിട്ടു അടുത്ത ഡിസംബർ 21-ാംനു- അമ്പതു സംവത്സരം തികയുന്നതാണ്. അതു പ്രമാണിച്ച ഇക്കഴിഞ്ഞ ഡിസംബർ 21-ാംനു- മുതൽ ഒരു ജൂബിലി വത്സരമായി കൊണ്ടാടുന്നതിനു തത്സംബന്ധമായി റോമിൽ ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള കമ്മററിക്കാർ തീൎച്ചപ്പെടുത്തിയിരിക്കുന്നു. തിരുമേനി ഒന്നാമത്തെ ദിവ്യപൂജ അൎപ്പിച്ച റോമയിൽ സെൻറു കാൎലോസ് ദേവാലയത്തിലേ മരംകൊണ്ടുള്ള ബലിപീഠം മാൎബിൾക്കല്ലുംലോഹങ്ങളും കൊണ്ടുള്ള ഒരു ശാശ്വത സ്മാരകമായി പണികഴിപ്പിച്ച് സ്ഥാപിക്കുന്നതിനും, അടുത്ത ഡിസംബർ 21-ാംനു- പ്രസ്തുത നവീകൃതപീഠത്തിൽവച്ച് ഒരു "തെദേവും,, പാടുന്നതിനുമാണ് കമ്മററിക്കാർ തീരുമാനിച്ചിരിക്കുന്നതു്. ഇതു് കത്തോലിക്കാ ലോകത്തിന്റെ ഒരു പൊതുസ്മാരകമായി തീരത്തക്കവണ്ണം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ഇതിലേക്കു ചുരുങ്ങിയതായിട്ടെങ്കിലും ഉള്ള ധനസഹായം ചെയ്യണമെന്നു കമ്മററിപ്രസിഡണ്ടു മൊൺ. ഡൊമിനിയോനി വിജ്ഞാപനം ചെയ്തിരിക്കുന്നു. ഭാരതീയ കത്തോലിക്കരുടെ വകയായി പരിശുദ്ധപിതാവിനു ഒരു അനുമോദന സന്ദേശം അയക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനു ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട് വൈദികാദ്ധ്യക്ഷന്മാരെ അറിയിച്ചിട്ടുള്ളതായി കാണുന്നു.

---



## വില്പാൻ തയ്യാർ.

ക. നി. മൂ. സ. മാണിക്കത്തനാർ എഴുതിയ:-

1. "പ്രാസംഗികൻ" 2-ാം പതിപ്പ്. 21 ച. 6 കാ.
2. "സോളൊമോന്റെ സുഭാഷിതങ്ങൾ. 5 0
3 "ന. ക. പീഡാനുഭവം പാന" 5 0

മൂന്നുപുസ്തകങ്ങൾക്കുംകൂടി 1 0 0

വി. പി. ചാൎജ്ജ് പുറമെ.

സൂപ്രണ്ട്,
സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം.

# വേദപുസ്തകപാരായണം.

## "നാവ് തീയാകുന്നു."

(റവ. ഫാദർ അലക്ക്സാണ്ടർ സി. ഡി.)

വിശുദ്ധ യാക്കോബു ശ്ലീഹായുടെ ലേഖനം ൩-ാം അദ്ധ്യായത്തിൽ നാവടക്കത്തെക്കുറിച്ചും നാവിനെ നിയന്ത്രിക്കാഞ്ഞാൽ വരുന്ന നാശത്തെക്കുറിച്ചും ശ്രദ്ധേയമായ പല ഉപദേശങ്ങൾ അടങ്ങിയിരിക്കുന്നു. ശ്ലീഹായുടെ തിരുവചനങ്ങൾതന്നെ കേട്ടാലും:– "നാമെല്ലാവരും പലതിലും തെററിപ്പോകുന്നു. ഒരുത്തൻ വാക്കിൽ തെററാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻതക്ക ശക്തനായ പൂർണ്ണ മനുഷ്യനാകുന്നു. കുതിരകളെ നമുക്കു അധീനമാക്കുവാൻ അവയുടെ വായിക്കു കടിഞ്ഞാണിട്ടു അവയുടെ ശരീരത്തെ മുഴുവനും നാം തിരിക്കുന്നുവല്ലൊ. കപ്പലുകളും എത്ര വലിയവ ആയാലും കൊടുങ്കാററുകളാൽ ഓടിക്കപ്പെട്ടാലും അമരക്കാരനു ഇഷ്ടമുള്ള ദിക്കിലേക്കു ഏററവും ചെറുതായ ഒരു ചുക്കാനാൽ തിരിക്കപ്പെടുന്നു. അപ്രകാരംതന്നെ നാവും ഒരു ചെറിയ അവയവം ആയിരുന്നാലും വളരെ വമ്പു പറയുന്നു. എത്രയും കുറഞ്ഞ തീ വലിയ വനത്തെ കത്തിക്കുന്നു. നാവു തീ ആകുന്നു. നമ്മുടെ അവയവങ്ങളുടെ ഇടയിൽ അതു അനീതിയുടെ ലോകമായിരുന്നുകൊണ്ടു ദേഹത്തെ മുഴുവൻ മലിനമാക്കി ആയുസ്സിൻെറ ചക്രത്തിനു തീ കൊളുത്തുകയും, കടശി അതുതന്നെ തീയിൽ എരിയുകയും ചെയ്യുന്നു. എങ്ങിനെയെന്നാൽ മൃഗങ്ങൾ, പക്ഷികൾ, ഇഴജാതികൾ, ജലജന്തുക്കൾ ഇവയെല്ലാം മനുഷ്യജാതിക്കു കീഴ്പ്പെട്ടുങ്ങി വരികയും ചെയ്യുന്നു. എന്നാൽ നാവിനെ അടക്കുവാൻ യാതൊരുത്തനും കഴിയുന്നില്ല; അതു അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞതാകുന്നു. അതുകൊണ്ടു നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിൻെറ സാദൃശ്യത്തിൽ ഉണ്ടാക്കപ്പെട്ട മനുഷ്യനെ അതുകൊണ്ടുതന്നെ നാം ശപിക്കയുംചെയ്യുന്നു. ഒരു വായിൽനിന്നുതന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. എൻെറ സഹോദരന്മാരേ! ഇപ്രകാരം ചെയ്യപ്പെടേണ്ടതല്ല." (വിശുദ്ധ യാക്കോവു് IV. 2. 10.)

വിവരണം– പരിശുദ്ധാത്മാവിൻെറ പ്രേരണയാൽ വി. യാക്കോബു് ശ്ലീഹാ ഇവിടെ ഏററം സാരവത്തായ ഉപദേശം നമുക്കു തരുന്നു. ഇതിനെ നാം സൂക്ഷിച്ചനുസരിച്ചാൽ നമ്മുടെ കുടുംബങ്ങളിലും നാട്ടുകളിലും സമുദായങ്ങളിലും സമാധാനത്തെ പാലിക്കുവാൻ സാധിക്കും. ഇതിനെ അവഗണിച്ചാൽ പലപല ഭിന്നതകൾക്കും കലഹങ്ങൾക്കും തീരാത്ത വഴക്കുകൾക്കും രാഗദ്വേഷാദികൾക്കും നാം വഴി തുറക്കും. ഒന്നാമതുതന്നെ ശ്ലീഹാ നാവടക്കി ജീവിക്കുന്ന മനുഷ്യൻെറ മഹത്വത്തെ പുകഴ്ത്തുന്നു. "യാതൊരുത്തൻ വാക്കിൽ തെററാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ടു നടത്തുവാൻതക്ക ശക്തനായ പൂർണ്ണ മനുഷ്യനാകുന്നു" എന്നു തീർച്ചയായി പ്രസ്താവിക്കുന്നു. കുതിരകളെ കടിഞ്ഞാൺകൊണ്ടും കപ്പലുകളെ ചുക്കാൻകൊണ്ടും മനുഷ്യൻ തൻെറ ഹിതംപോലെ തിരിച്ചു നടത്തുന്നതുപോലെ, പുണ്യപൂർണ്ണതയുള്ള മനുഷ്യൻ തൻെറ നാവിനെ അടക്കി കാത്തുകൊണ്ടു തന്നെത്തന്നെ അനേക വഴക്കുകളിൽ നിന്നും കലഹങ്ങളിൽ നിന്നും ഏഷണികളിൽ നിന്നും കാത്തു രക്ഷിക്കുന്നു; സമസൃഷ്ടരായ മററു മനുഷ്യരോടു സമാധാനത്തിലും സ്നേഹത്തിലും ജീവിക്കുന്നു. സ്രഷ്ടാവും പിതാവുമായ ദൈവത്തെ തൻെറ നാവുകൊണ്ടു വാഴ്ത്തി സ്തുതിക്കുന്നു.

രണ്ടാമതായി നാവിനെ അടക്കി

ജീവിക്കുന്നതിന്നുള്ള പ്രയാസത്തെയും, അടക്കാഞ്ഞാൽ വരുന്ന നാശങ്ങളെയും പററി ശ്ലീഹാ പ്രസ്താവിക്കുന്നു. മാനുഷൻ മറെറല്ലാ ജീവജന്തുക്കളെയും തനിക്കു കീഴടക്കിവരുന്നുണ്ടെങ്കിലും, സ്വന്ത നാവിനെ അടക്കി കാപ്പാൻ അശക്തനായിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് സാധാരണ മനുഷ്യക്കുള്ള ബലഹീനതയെ അറിയിക്കുന്നു. അദ്ധ്യാത്മികബലമുള്ള മനുഷ്യൻമാത്രമേ നാവിനെ അടക്കി ജീവിക്കയുള്ളൂ. അതിനാൽ നാവടക്കം പുണ്യപൂണ്ണതയുടെ ലക്ഷ്യമായി ഗണിക്കപ്പെടുകയും ചെയ്യുന്നു. നാവിൻെറ തിന്മയെക്കുറിച്ചു പറഞ്ഞാൽ, അതു അഗ്നിസ്സ തുല്യമാണ്. ഒരു തീക്കട്ട ഒരു വനം മുഴുവനും കത്തിക്കുന്നതുപോലെ, ഒരു കലഹക്കാരൻെറ നാവു ഒരു സമുദായത്തെ മുഴുവൻ ഇളക്കുന്നതിന്നും കോപവെറി പിടിപ്പിക്കുന്നതിന്നും മതിയാകും.. ഒരു കാമാതുരൻെറ നാവ് തന്നെ കേൾക്കുന്ന സകലരിലും മോഹാഗ്നി കത്തിക്കുന്നതിന്നു മതിയാകും. ഇപ്രകാരം മരണകരമായ വിഷം നിറഞ്ഞ ഈ ചെറിയ അവയവം അനേക തിന്മകളുടെ ഒരു പണിപ്പുരയാണ്. ഇതിൽനിന്നു നുണ, അപഖ്യാതി, ദൂഷണം, പരിഹാസം, കള്ളസാക്ഷി, ദൈവദൂഷണം മുതലായ അനവധി തിന്മകൾ ഉണ്ടാകുന്നു. ഇതിനെ അടക്കി സൂക്ഷിക്കാത്ത മനുഷ്യനെ ഇതു മലിനപ്പെടുത്തും, ആയുസ്സിൻെറ ചക്രത്തിന്നു തീകൊളുത്തും, കടശി നരകാഗ്നിയിൽ ഇതു കത്തുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ നാവിനെ നിയന്ത്രിക്കാതെയിരുന്നാൽ വരുന്ന നാശങ്ങളിവയാണ്.

കടശിയായി നാവുകൊണ്ടു പിഴക്കുന്ന മനുഷ്യന്നു ശേഷിച്ചിരിക്കുന്ന ഉത്തരിപ്പുകടത്തെക്കുറിച്ചും നാം അല്പം വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. ഈ ഉത്തരിപ്പുകടത്തെപ്പററി സാധാരണ മനുഷ്യർ ചിന്തിക്കാതെയത്രെ വചനത്താൽ അനേകപാപങ്ങൾ ചെയ്തുകൂട്ടുന്നത്. നുണയാലൊ കള്ളസാക്ഷിയാലൊ യാതൊരുത്തൻ തൻെറ സഹോദരന്നു വസ്തുനാശമോ കീത്തിദോഷമോ വരുത്തീട്ടുണ്ടെങ്കിൽ അതു പരിഹരിപ്പാൻ കടപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ ദൂഷണത്താലൊ പരിഹാസത്താലൊ യാതൊരുത്തൻ തൻെറ സഹോദരന്നു വലിയ മാനക്കേടു വരുത്തീട്ടുണ്ടെങ്കിൽ അതും പരിഹരിക്കുന്നതിന്നു വലിയ കടമയുണ്ട്. ദ്രവ്യനാശത്തേക്കാൾ മാനുഷൻ ദുഷ്കീത്തിയേയും മാനക്കേടിനേയും ഏററം വലിയ നഷ്ടമായി വിചാരിച്ചുവരുന്നു. ആകയാൽ അന്യൻെറ വസ്തു നശിപ്പിക്കയൊ അപഹരിക്കയൊ ചെയ്യുവൻ അതു ഉടമസ്ഥന്നു ഉത്തരിപ്പാൻ കടപ്പെട്ടിരിക്കുന്നതുപോലെ അന്യന്നു വരുത്തുന്ന മാനഹാനിയേയും ദുഷ്കീത്തിയേയും പരിഹരിപ്പാൻ കടപ്പെട്ടിരിക്കുന്നു. പണ്ടെതന്നെ ശ്ലേമ്മോൻ പ്രസ്താവിച്ചിട്ടുള്ള ഒരു സത്യം കൂടെ ഓപ്പിച്ചുകൊണ്ടു ഈ ലേഖനം അവസാനിപ്പിക്കാം. മുഖത്തോടു മുഖം ഒക്കാതെയിരിക്കുംപ്രകാരം തന്നെ മാനുഷരുടെ സ്വഭാവവും അഭിപ്രായവും തമ്മിൽ വ്യത്യാസപ്പെട്ടാണിരിക്കുന്നത്. ഇതിനാൽ കുടുംബകാൎയ്യങ്ങളിലും, സാമുദായികവും രാഷ്ട്രീയവുമായ കാൎയ്യങ്ങളിലും ഓരോ വ്യക്തിക്കും ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകുന്നതു അത്ഭുതമല്ല. എന്നാൽ ഓരോരുത്തരും തങ്ങളുടെ അവകാശങ്ങളെ പാലിക്കുന്നതിന്നായി തങ്ങളുടെ അഭിപ്രായങ്ങളേയും ആദൎശങ്ങളേയും പ്രസ്താവിക്കാമെങ്കിലും അന്യനെ ദൂഷിക്കാതെയും സഹോദരസ്നേഹത്തിന്നു ലംഘനം കൂടാതെയും മിതമായ വിധത്തിൽ ഇതു ചെയ്യേണ്ടതാണ്. അല്ലാഞ്ഞാൽ കുടുംബഛിദ്രവും സമുദായവഴക്കുകളും ഉത്ഭവിക്കയും വദ്ധിക്കയും ചെയ്യുന്നതാണ്.

---

# നസ്രത്തുനഗരം.

(റവ. ഫാദർ സിറിയക്ക് കാപ്പിൽ, പിഎച്ച്. ഡി.)

ക്രിസ്തീയ വേദ രഹസ്യങ്ങളിൽ സർവ്വപ്രധാനമായ ദൈവവചനം മാംസമായ സ്ഥലമാണല്ലൊ നസ്രത്തു. അതേ. നസ്രത്തിൽ മരപ്പണിക്കാരനായിരുന്ന യൗസേപ്പിന്റെ ഭവനത്തിലാണ ഗബ്രിയേൽ ദൈവദൂതൻ മറിയത്തിനു പ്രത്യക്ഷനായി ദൈവപുത്രൻ മാനുഷനായി പിറക്കുവാൻ പോകുന്ന മംഗളവാർത്ത അറിയിച്ചതു. തന്റെ ജീവിതകാലത്തിലധികഭാഗം മിശിഹാ രഹസ്യജീവിതം കഴിച്ചതും നസ്രത്തിൽ തന്നെ. നസ്രത്തിനേ ഒരു ദേവാലയമെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ ആ ചെറിയ പട്ടണത്തിന്റെ എല്ലാ ഭാഗത്തും ദൈവപുത്രനായ മിശിഹാ തന്റെ അജ്ഞാതവാസകാലത്തിനിടക്കു സഞ്ചരിച്ചിട്ടുണ്ടെന്നു വിചാരിക്കാൻ കാരണമുണ്ട്. പക്ഷേ താൻ നസ്രത്തിൽ പരസ്യ ജീവിതം കഴിക്കാഞ്ഞതു് സ്വദേശത്തിൽ ദീർഘദർശിയാകുവാൻ വിഷമം എന്നുള്ള അവിടുത്തേ വാക്യമനുസരിച്ചായിരിക്കണം. എതെങ്കിലും മ്ശിഹായെപ്പററി കേൾക്കയിൽ നസ്രത്തിൽ നിന്നു വല്ല നന്മയുമുണ്ടാകുമോ എന്നു ചോദിച്ച നത്താനിയേൽ പിന്നീട്ട തന്റെ തെററു മനസ്സിലാക്കി. ലോകത്തിനുണ്ടായ സകല നന്മയും നസ്രത്തിൽ നിന്നാണെന്നുള്ളതു് ഗ്രഹിക്കാതെയായിരുന്നു നത്താനിയേൽ അപ്രകാരം ചോദിച്ചതു്.

നസ്രത്തിലെ ഭവനത്തിനു മുകളിൽ നാലാംനൂററാണ്ടിൽ തന്നെ ഒരു പള്ളി പണിയപ്പെട്ടെങ്കിലും ശത്രുക്കൾ അതിനെ പലവിധത്തിൽ ഉപദ്രവിക്കുകയും കടശി 13-ാംനൂററാണ്ടിൽ തീരെ നശിപ്പിക്കുകയും അവിടെ ശേഷിച്ച ക്രിസ്ത്യാനികൾ ദുഷ്ടന്മാരായിതീരുകയും ചെയ്കയാൽ തിരുഭവനത്തെ ദൈവദൂതന്മാർ ഇത്താല്യയിൽ ലൊറേത്തു് എന്ന സ്ഥലത്തേയ്ക്കു കൊണ്ടുപോകയാണുണ്ടായതു്. ഇപ്പോൾ നസ്രത്തിൽ വീടിരുന്ന സ്ഥലമേ ശേഷിച്ചിട്ടുള്ളു. അവിടെ ഫ്രാൻസീസ്കൻ സഭക്കാരുടെ വകയായി ഒരു ദേവാലയമുണ്ടു്. അതിന്റെ മദ്ബഹായിക്കടിയിലാണ വിശുദ്ധ ഭവനം ഇരുന്നതും മാലാഖാ വചനിച്ചതും. അവിടെയുള്ള അൾത്താരയുടെ അടിയിൽ "Verbum caro hic factum est" വചനം ഇവിടെ മാംസമായി എന്നു എഴുതിയിരിക്കുന്നു. അതിനടുത്തുതന്നെ ഫ്രാൻസീസ്കൻസിന്റെ ഒരു പള്ളിയുള്ളതിനു അടിയിലാണു് മാർയൌസേപ്പിന്റെ പണിപ്പുര. ഈ പരിശുദ്ധ സ്ഥലം ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ എളിമയുടേയും അനുസരണയുടേയും സജീവ ലക്ഷണമാകുന്നു. പള്ളിയകത്തുള്ള അൾത്താരയിൽ ഈശോ യൌസേപ്പിനെ മരപ്പണിക്കു സഹായിക്കുന്ന ഒരു പടം വച്ചിരിക്കുന്നു. "Hic erat subditus illis" ഇവിടെയാണ അവർക്കു കീഴ്വഴങ്ങിയതു. പണിപ്പുരയ്ക്കു സമീപം കോതമ്പു സൂക്ഷിക്കുന്നതിനുള്ള ഒരു പഴയ മണ്ണറയും കാണുന്നുണ്ട്.

അവിടെ നിന്നും ഒരു രണ്ടു ഫർലോങ്ങു നടക്കുമ്പോൾ തലയിൽ കുടവും ധരിച്ച് അനേകം വനിതകൾ വരുന്നതു കാണാം. കുറേക്കൂടി സമീപിക്കുമ്പോൾ സ്ത്രീകളും കുഞ്ഞുങ്ങളുമായി ഒരു വലിയ ജനക്കൂട്ടം അടുത്തുള്ള കിണററിൽ നിന്നും വെള്ളം കോരുന്നതിനായി അണിനിരന്നു നില്ക്കുന്നതു കാണാം. അതാണ മറിയത്തിന്റെ ഓലി. പ. കന്യാസ്ത്രീമറിയവും ദിവ്യഉണ്ണിയും കൂടി ദിവസത്തിൽ പല പ്രാവശ്യം വെള്ളം കോരുന്നതിനു വന്നിട്ടുള്ള പരിശുദ്ധ സ്ഥലമാണതു്. നസ്രത്തിൽ ഏകദേശം അരമൈൽ ചതുരശ്രസ്ഥലത്തു് വേറെ കിണറൊന്നും ഇന്നും ഇല്ലാത്തതിനാലാണ അത്രയധികം വ

രുഷാരത്തെ നാം അവിടെ കാണുന്ന
ത്. ആ സ്ത്രീകളിൽ പലരുടെയും വ
സ്ത്രധാരണ രീതി ദൈവമാതാവിന്റെ
കാലത്തേതുപോലെയായതിനാൽ പല
മേറിമാരേയും ഉണ്ണികളേയും കണ്ടെന്നു
പറയാം. അവരൊക്കെ ദൈവമാതാവി
ന്റേയും ദിവ്യയുണ്ണിയുടേയും സ്മര
ണയെയാണ് തീർത്ഥയാത്രക്കാരിൽ ഉള
വാക്കുന്നത്. ആ ഓലിക്കു പിമ്പിലായി
അർമ്മേനിയൻ കത്തോലിക്കരുടെ ഒരു
രു പള്ളിയുണ്ടു. ഓലിയിലേയ്ക്കു വെ
ള്ളം വരുന്നതു പള്ളിയ്ക്കടിയിലുള്ള കു
ഴലിൽക്കൂടിയായതിനാൽ പള്ളിയക
ത്തും ഒരു കിണറു കാണാം. അതിൽനി
ന്നാണ് പരിശുദ്ധ ദൈവമാതാവ് വെ
ള്ളംകോരിയതു എന്നു പറയുന്നവരുമുണ്ട്.
ഏതെങ്കിലും വെള്ളം ഒന്നുതന്നെ. മ
റെറ ഓലിക്കലെ ലഹള നിമിത്തം ഞ
ങ്ങൾ പള്ളിയകത്തെ ഓലിയിൽ നി
ന്നാണ് വെള്ളം കുടിച്ചത്. ഇത്രയുമാ
യപ്പോൾ നേരമസ്തമിച്ചതിനാൽ ഞങ്ങ
ൾ കാസ്സാനോവായിലേക്കു മടങ്ങി.

# കത്തോലിക്കാ സഭയുടെ വിജയം.

(ശ്രീമാൻ വി. സി. ജോർജ്ജ് ബി. ഏ.)

മനുഷ്യസൃഷ്ടിയിൽ ആത്മാവും ശ
രീരവും യോജിച്ചിരിക്കുന്ന കാലത്തോ
ളം മതത്തിനുള്ള വില കുറയ്ക്കുവാൻ വ
ഴിയില്ല. എന്തെന്നാൽ മരണാനന്തരമു
ള്ള ജീവിതം സുഭഗമാക്കി തീർക്കുന്നതി
നു മനുഷ്യൻ അനുസരിക്കേണ്ടുന്ന മാ
ർഗ്ഗങ്ങളെ നിർദ്ദേശിക്കുകയത്രെ മതത്തി
ന്റെ കൃത്യം. കൊല്ലത്തുനിന്നു കോട്ട
യത്തേക്കോ മദ്രാസിൽനിന്നു ബോംബയി
ലേക്കോ ഗമനാഗമനത്തിനു വിവിധ
മാർഗ്ഗങ്ങൾ ഉള്ളതുപോലെ മരണാനന്തര
ജീവിതം സുഭഗമാക്കുന്നതിന് പരസ്പ
ര വിരുദ്ധങ്ങളായ വിവിധ മതങ്ങൾ
ഉണ്ടാകാമൊ എന്നൊരു പ്രശ്നത്തിന
വകാശമുണ്ട്. പാടില്ലായെന്നാണ് യ
ഥാർത്ഥ ക്രിസ്ത്യാനികൾ സമാധാനം പ
റയുന്നത്. ക്രിസ്ത്യാനികളുടെ ദൃഷ്ടിയി
ൽ മാനുഷനായി അവതരിച്ച ദൈവ
പുത്രൻ അല്ലെങ്കിൽ യേശുക്രിസ്തു സ്ഥാ
പിച്ച ക്രിസ്ത്യവേദം അല്ലാതെ വേറെ
സത്യമതമില്ല. മററു മതങ്ങളെല്ലാം അ
വയുടെ സ്ഥാപകന്മാർ എത്രതന്നെ സാ
ത്വികന്മാരായിരുന്നാലും ക്ഷുദ്രമതങ്ങളാ
യി ഗണിക്കപ്പെടേണ്ടവയാണ്. മരണാ
നന്തരമുള്ള ആത്മീയ ജീവിതത്തിനു അ
ഥവാ സാക്ഷാൽ ജീവിതത്തിനു് അവ
ഉപകരിക്കുന്നില്ല.

എന്നാൽ ക്രൈസ്തവ മതത്തിൽ ത
ന്നെ വിശ്വാസാചാരങ്ങളിൽ വ്യത്യാസ
പ്പെടുന്ന പല പല വിഭാഗങ്ങൾ കാ
ണുന്നുണ്ട്. ക്രിസ്തു സ്ഥാപിച്ച സഭ ഒരു
ദൃശ്യസഭയാണെന്ന് ചിലരും അല്ലെന്നു
മററു ചിലരും വാദിക്കുന്നു. ക്രിസ്തുവിലു
ള്ള വിശ്വാസം മാത്രം ആത്മരക്ഷയ്ക്കു മ
തിയെന്ന് ഒരു കൂട്ടരും പോരെന്നു മ
റെറാരു കൂട്ടരും പഠിപ്പിക്കുന്നു. ക്രിസ്ത്യാ
നികൾ അനുഷ്ഠിക്കേണ്ടുന്ന സകലതും
വേദപുസ്തകത്തിലെഴുതിയിട്ടുണ്ടെന്ന് ഒ
രു കക്ഷിയും ഇല്ലെന്നു വേറൊരു കക്ഷി
യും തർക്കിക്കുന്നു. മരണാനന്തര ജീവിത
ത്തിന്റെ സ്ഥിതിയെപ്പററിയും ചില
ക്രൈസ്തവ ഗണങ്ങൾ തമ്മിൽ വളരെ
അഭിപ്രായ വ്യത്യാസമുണ്ട്. ക്രിസ്തുവി
ന്റെ മനുഷ്യാവതാരം സംബന്ധിച്ചും
കഷ്ടാനുഭവത്തെക്കുറിച്ചും ക്രിസ്ത്യൻ സ
ഭാവിഭാഗങ്ങളുടെയിടയിൽ അഭിപ്രായ
സാമ്യതയില്ല. ഇങ്ങിനെ വിസ്തരിച്ചു
പറഞ്ഞാൽ വിശ്വാസാചാരങ്ങളിൽ
ഐകരൂപ്യമില്ലാത്ത ക്രൈസ്തവ സഭാ
വിഭാഗങ്ങൾ ഇന്ത്യയിലെ നാട്ടുരാജ്യ

ങ്ങളെന്നോണം അനേകം ശതമുണ്ടെന്നും ഇവയെല്ലാററിനുമുള്ള പരമസാധാരണ ലക്ഷണം "ക്രൈസ്തവം" "ക്രൈസ്തവം" എന്നപേർ മാത്രമാണെന്നും കാണാവുന്നതാണ്.

ഈ അവസ്ഥ ക്രൈസ്തവ മതസ്വീകരണത്തിൽനിന്ന് അക്രൈസ്തവരെ പിന്മാററുന്നുണ്ടെന്നുള്ളതു് സുവിദിതമാണല്ലൊ. എന്നാൽ സ്വല്പമായ പരിശ്രമവും ചരിത്രജ്ഞാനവുംകൊണ്ട് സത്യമായ ക്രിസ്തുമതം ഏതാണെന്ന് അന്യന്മാൎക്കു കണ്ടുപിടിപ്പാൻ പ്രയാസമില്ല. ഇരുപതാം നൂററാണ്ടിൽ ക്രൈസ്തവ സഭകളായി അഭിമാനിക്കുന്ന മതവിഭാഗങ്ങളിൽ ഭൂരിപക്ഷത്തിന്റെയും ഉല്പത്തി ക്രിസ്ത്വാബ്ദം പതിനഞ്ചാം ശതകത്തിനു പിന്നിലാണെന്നു നിഷ്പ്രയാസം വെളിപ്പെടും. ഇവയിൽ മഹാ ഭൂരിപക്ഷവും അപ്പസ്തോലന്മാർ ഉപദേശിച്ചിരുന്നപടിക്കു വിശ്വസിക്കുന്നവയല്ലെന്ന് പ്രമാണഗ്രന്ഥങ്ങൾമൂലം എളുപ്പത്തിൽ മനസ്സിലാക്കുകയും ചെയ്യാം. ഇങ്ങിനെ ഉത്ഭവകാലത്തെയും ഉപദേശഭ്രമത്തേയും കണ്ടുപിടിച്ച് ക്രൂലങ്കഷമായ ഒരു സംശോധനം ചെയ്യുമ്പോൾ അസംഖ്യം ക്രൈസ്തവ സഭാവിഭാഗങ്ങളിൽ ഒന്നൊഴിച്ചു ബാക്കിയെല്ലാം ക്രിസ്തുവിന്റേയും അപ്പസ്തോലന്മാരുടെയും കാലശേഷം ഗൎവ്വിഷ്ഠന്മാരും കേവലം നിൎബ്ബന്ധശീലന്മാരുമായ ഓരോരുത്തരുടെ ദുൎയ്യുക്തിയുടെയും ദുസ്സാമൎത്ഥ്യത്തിന്റെയും ഫലമായി മുളച്ചവയാണെന്നും ആ ഒന്നുമാത്രം ക്രിസ്ത്വാബ്ദത്തിന്റെ പ്രഭാതവേളയിലേക്ക് എത്തി ക്രിസ്തുവും അപ്പസ്തോലന്മാരും ഉപദേശിച്ചപടി തത്വപ്രബോധനം ചെയ്യുന്നുവെന്നും ഒന്നാം നൂററാണ്ടിലെപ്പോലെ ഇരുപതാം നൂററാണ്ടിലും അപ്പസ്തോലപ്രഭുവായ പത്രോസിന്റെ കാലത്തെന്നോണം അദ്ദേഹത്തിന്റെ ഇദാനീന്തന പിൻഗാമിയായ പതിനൊന്നാം പീയൂസിന്റെ കാലത്തും, റോമയിലെ അന്തർഭൌമിക കപ്പേളകളിലെപ്പോലെ ലത്തറാൻ ഭദ്രാലയത്തിലും, ലണ്ടനിലെയോ ന്യൂയോൎക്കിലെയൊ മെത്രാസനപള്ളികളിലും, പററഗോനിയായിലെയൊ ഉഗാന്തായിലേയൊ പുല്ലുമേഞ്ഞ ചെററകളിലും ഐകരൂപ്യത്തോടും നിൎഭേദമായും വിശ്വാസോപദേശം നടത്തുന്നുണ്ടെന്നും ഗ്രഹിക്കുകയും ആവാം.

ഇതിന്റെ രഹസ്യമെന്തെന്ന് അന്ധാളിക്കുന്നവർ വേദപുസ്തകം പരിശോധിച്ചാൽ മതി. ഇതരസഭാവിഭാഗങ്ങളിൽനിന്നു ഭിന്നമായ ഈ സഭാവിഭാഗം 'പാറ'മേലാണ് അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതു്. "ഞാൻ നിന്നോടു പറയുന്നു: നീ പത്രോസ് (അൎത്ഥായതു് പാറ) ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ പള്ളിയെപ്പണിയും. നരകവാതിലുകൾ അതിനു വിരോധമായി ബലപ്പെടുകയില്ല" (മാത്തായി ൧൬. ൧൮) ക്രിസ്തുവിന്റെ ഈ തിരുവചനങ്ങളിൽ കത്തോലിക്കാ സഭയുടെ അടിസ്ഥാനവും അനന്യസാധാരണമായ മാഹാത്മ്യവും നിൎദ്ദേശിച്ചിരിക്കുന്നു. "നരകവാതിലുകൾ" ഈ സഭയോടു ധാരാളം പോരാടിയിട്ടുണ്ട്. ചക്രവൎത്തിമാരും സാമ്രാജ്യാധികാരികളും കത്തോലിക്കസഭയെ മൂലഛേദം ചെയ്യുന്നതിനും സഭാധികാരികളായ പാപ്പാമാരെ ധ്വംസിക്കുന്നതിനും ഒരിക്കലല്ലാ രണ്ടു പ്രാവശ്യമല്ലാ പത്തു പ്രാവശ്യമല്ലാ, ലൌകികാധികാരത്തിന്റെ പരിപൂൎണ്ണബലത്തോടുകൂടി അണിനിരന്നിട്ടുള്ളതു്. പാപ്പാമാർ അവരുടെ അരമനയിൽനിന്ന് വലിച്ചിറക്കപ്പെട്ട് രാജ്യഭ്രഷ്ടരാകയും കാരാഗൃഹങ്ങളിൽ കഠിന പീഡകൾ അനുഭവിക്കുന്നതിനു സംഗതിവരികയും ചെയ്തിട്ടുണ്ട്. വൈദികസംഘങ്ങൾ കൂട്ടുന്നതിനും മെത്രാന്മാരെ നിയമിക്കുന്നതിനും വിഘാതങ്ങൾ നേരിട്ടിട്ടുണ്ട്. കോളിളകിയ കായലിൽ വെച്ചു പത്രോസിനെ പ്രശാന്തചിത്തനാക്കിയ മിശിഹാ ഈ അനൎത്ഥങ്ങളെ ജയിക്കുന്നതിനുള്ള ശക്തി സഭക്കു വാഗ്ദാനം ചെയ്തിരുന്നതിനാൽ അതു മഹാ വിപത്തുകളിൽ നിന്നും അത്ഭുതപൂൎവ്വമായ വിജയശ്രീയോടുകൂടിയാണ് ഉൽഗമിച്ചിരുന്നതു്. സഭക്കെതിരായി കയ്യുയൎത്തിയ എത്രയെത്ര മഹാശക്തികളുടെ അധോഗതിയാണ് അതു

കണ്ടിട്ടുള്ളതു്. റോമൻസാമ്റാജ്യം എവിടെ? കൊൺസ്റ്റൻറിനോപ്പോളിലെ പൌരസ്ത്യസാമ്റാജ്യം എവിടെ? വെനീസിലേയും ഹോളണ്ടിലേയും പ്രജാധിപത്യകോയ്മകളെവിടെ! ബർബ്ബൻ രാജവംശത്തിൻെറ പ്രതാപമെവിടെ? ലോകം മുഴുവനും കിടുകിടെ വിറപ്പിച്ച് നെപ്പോളിയൻ സ്ഥാപിച്ച രാജവംശമെവിടെ?

ഒരു ദിവസം എയിസലിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ലൂഥേർ മൂന്നാമത്തെ പൌലോസ് പാപ്പാ മരിച്ചതായി ഒരു അവാസ്തവ പ്രസ്താവനകേട്ട് മേശയിൽനിന്ന് എണീററ് നവീകരണകത്താ ഇപ്രകാരം ഉൽഘോഷിച്ചു. "മരിച്ചു ഞാൻ കാണുന്ന അഞ്ചാമത്തെ പാപ്പായാണിതു്. ഇനിയും വേറൊരുവനെ കാണ്മാൻ എനിക്ക് സാധിക്കുകയില്ല. പാപ്പാസ്ഥാനം അവസാനിക്കുന്നതിനു മുമ്പായി ഞാൻ മരിക്കാൻ സംഗതി ആയെങ്കിൽ എൻെറ പിന്നാലെ ഒരുവനുണ്ടാകും. അവനെ ഞാൻ അനുഗ്രഹിച്ചിട്ടുണ്ട്. അവൻ പാപ്പാസ്ഥാനത്തെ അരിവാൾകൊണ്ട് കതിരു മുറിച്ചെടുക്കുന്ന സമ്പ്രദായത്തിൽ മുറിച്ചുകളയും". ശുദ്ധാത്മാവായ ലൂഥേർ! അദ്ദേഹത്താൽ അനുഗ്രഹീതനായ കൊയ്ത്തുകാരൻ ഇനിയും പ്രത്യക്ഷനാകാനിരിക്കുന്നേയുള്ളു. അദ്ദേത്തിൻെറ പ്രവചനം കഴിഞ്ഞിട്ട് ശതവഷങ്ങൾ പലതായിതാനും. പാപ്പാസ്ഥാനത്തിനു യാതൊരിടിവും ഇതിനിടയിൽ പററിയിട്ടില്ലെന്നു മാത്രമല്ലാ, ലൂഥേർ ആരംഭിച്ച "നവീകൃതസഭ" ഭിന്നിച്ചു ചിതറുകയും ലൂഥേറിൻെറ സന്തതികൾ—ഔരസരുൾപ്പടെ— പാപ്പാസ്ഥാനത്തിൻെറ തണലിൽ മനസ്സമാധനം കണ്ടെത്തുവാൻ ഓടിക്കൂടുകയും ചെയ്യുന്നു.

ആധുനികകാലത്തുപോലും മിണ്ടാമാഗ്ഗം, ഭൌതികവാദം, ബോൽഷവീസം, മുതലായ പല ശക്തികൾ സഭയ്ക്കെതിരായി പ്രവത്തിക്കുന്നുണ്ട്. "ഗ്ലീലായക്കാരൻെറ വിജയം ഇരുപതു നൂററാണ്ടുകളിൽ നിലനിന്നു. ഓ വ്യാജദേവൻ! അവനും യഥാക്രമം മറഞ്ഞുപോകാറായിരിക്കുന്നു" എന്ന് ഫ്റാൻസിലെ മിണ്ടാമാഗ്ഗക്കാരുടെ ഒരു പത്രികയിൽ ഏകദേശം ഇരുപതുകൊല്ലം മുമ്പ് പ്രസ്താവിക്കുകയുണ്ടായി. അതു ഫ്റാൻസിൽ ഇപ്പോൾ മിണ്ടാമാഗ്ഗം ധിക്കരിക്കപ്പെടുകയും കത്തോലിക്കാ മതം പൂവ്വവൽ ആദരിക്കപ്പെടുകയും ചെയ്യുന്നതു് ലോകദൃഷ്ട്യാ ഒരു വിസ്മയഹേതുവല്ലയൊ?

എന്നാൽ കത്തോലിക്കാ മതാനുയായികൾക്കു ഇതും ഇതിൽ കവിഞ്ഞതുമായ അത്ഭുതങ്ങൾ അപ്രതീക്ഷിതങ്ങളല്ലാ. കത്തോലിക്കാസഭ നിശ്ചഞ്ചലമായ പാറമേൽ സ്ഥിതിചെയ്യുന്നു. നരകവാതില്ലകൾ അതിനെ ജയിക്കുകയില്ല. മാത്രമൊ "ഇതാ ഞാൻ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ട്" (മത്തായി 28.20) എന്ന ദൈവപുത്രൻെറ തിരുവാക്യം സദാ അവരുടെ കണ്ണുപുടങ്ങളിൽ മാറെറാലിക്കൊള്ളുകയും ചെയ്യുന്നു.

# ഈശോയുടെ തിരുനാമം.

(റവ. ജെ. കെ. കത്തനാർ)

യേശുനാമമുരുവിടവേമന-
സ്സാശുനീരസമകററിടുന്നിതാ
ക്ലേശമാം നിശയകററിടുന്നതാം
രശ്മിയാലുലകിലെന്നപോലവേ. ൧.

ക്രീസ്തുവിൻെറ തിരുനാമമോതുകിൽ
സാത്താനാകെ ഭയമാന്നിടും ക്ഷണം.
രാത്രിമോഷണ ഫലത്തിനാൽ ഗലഹസ്തമേററധമതസ്കരൻ വിധം. ൨.

ഗണ്യമാം സുഖമെഴുന്നിടുന്നിതാ
പുണ്യമാം മധുര മുച്ചരിക്കവെ
വെണ്മയുള്ളരവിരശ്മിതന്നെസു-
വർണ്ണമായ്പ്പകരുമെന്ന പോലവേ. ൫.

ധന്യനായ പരിശുദ്ധ നസ്സീസി
വന്ദ്യനാമമുരുവിട്ടു സദാപി
തോന്നിച്ചുണ്ടുകളിലേറെമാധുരി
തേനെടുത്ത ചെറുവണ്ടുപോലവെ ൬.

സത്തരാം പെരിയപുണ്യപൂരുഷർ
ചിത്തതാരിലതിമോദഹേതുവായ്
ഓർത്തിടുന്ന തിരുനാമമെപ്പൊഴും
ഭർത്തൃനാമമൊരുനാരിപോലവേ ൭.

ദുഃഖവും ദുരിത മേവയും സുഖ-
മാക്കിടുന്നതിരുനാമമോതുകിൽ
വ്യാകുലങ്ങളുളവാകിലും സുഖ
മേകിടും മധുരഗീതമെന്നപോൽ ൮.

ചൊല്ലിടും മരണനേരമെങ്കിലോ
ഇല്ലതക്കമൊരു പാപികൾക്കുമെ
നല്ലഭാഗ്യമവകാശമാക്കിടും
നല്ലകള്ളനൊടുരച്ചപോലവേ. ൯.

---

# ചെറുപുഷ്പ സഹോദരികൾ.

(റവ. ഫാദർ എജീദിയൂസ് സി. ഡി.)

## I.

ഫാദർ ഡോളൻ ഒരമ്മേരിക്കനാണ്. അദ്ദേഹം ലിസിയിലെ ചെറുപുഷ്പത്തിൻെറ അതിതീക്ഷ്ണതയുള്ള ഭക്തനും ആ വിശുദ്ധയുടെഭക്തി പ്രചരിപ്പിക്കുന്നതിൽ എന്തു പരിത്യാഗം വേണമെങ്കിലും ചെയ്യാൻ സന്നദ്ധനായ ഒരു ഉത്തമ കർമ്മലീത്താ വൈദികനുമാണ്. അമേരിക്കയിലെ "ലിററിൽ ഫ്ളവർ സൊസയിററി"യുടെ പ്രസിഡൻറുസ്ഥാനവും അദ്ദേഹം തന്നെയാണു വഹിക്കുന്നതു്. പ്രസ്തുത സ്ഥാപനത്തിൻെറ ഉദ്ദേശം വി. കൊച്ചുത്രേസ്യായെ സകലരും അറിഞ്ഞു ആ പുണ്യവതിയെ അനുകരിച്ചു പുണ്യപൂർണ്ണതയുടെ അഗ്രത്തിൽ എളുപ്പത്തിൽ എത്തുവാൻ ഇടവരുത്തുക എന്നതാണ്. ഏതൽ സാദ്ധ്യത്തിം ഫാദർ ഡോളൻ സുദീർഘമായ പല പ്രയാണങ്ങൾ കഴിച്ചിട്ടുണ്ടു്. അതുകളിൽ എല്ലാംകൊണ്ടും പ്രധാനമായവയാണ് ലിസിയിലേക്കുണ്ടായ രണ്ടു യാത്രകൾ. അവയിൽ ഒന്നാമത്തേതാണ് നമുക്കു പ്രതിപാദ്യവിഷയമായിരിക്കുന്നതു്. ഫാദർ ഡോളൻ വളരെ പണിപ്പെട്ടു വി. കൊച്ചുത്രേസ്യായുടെ സഹോദരികൾ നാലുപേരേയും സന്ദർശിച്ച് അവരിൽ നിന്നു നവംനവങ്ങളായ അറിവുകളെ സമ്പാദിച്ച് അമേരിക്കായിക്കു മടങ്ങുകയുണ്ടായി. അവിടെ എത്തിയ ഉടനെ അദ്ദേഹം തീവണ്ടിമാർഗ്ഗം ചിക്കാഗോയിക്ക് പുറപ്പെടുകയും അവിടെയുള്ള "ലിററിൽ ഫ്ളവർ ഷ്റയിനിൽ" വെച്ചു ചെറുപുഷ്പസഹോദരികളെ കണ്ട വർത്തമാനം പല പ്രസംഗങ്ങളിലായി അറിയിക്കുകയും ചെയ്തു. പ്രസ്തുത പ്രസംഗങ്ങളിലെ ചില ഭാഗങ്ങൾ 'കുസുമ'വായനക്കാർക്ക് രസാവഹവും ഉപകാരപ്രദവുമായിരിക്കുമെന്നു കരുതുന്നു.

"സ്നേഹിതരേ! ലോകപ്രസിദ്ധയായ 'ചെറുപുഷ്പത്തി'ൻെറ സഹോദരികളെ ഞാൻ കണ്ട വർത്തമാനം അറിയുവാൻ ബദ്ധശ്രദ്ധരായിരിക്കുന്ന നിങ്ങളോടു യാതൊരു മുഖവുരയും കൂടാതെ, 'ചെറുപുഷ്പ'കാരുണ്യത്താൽ യാത്രകഴിഞ്ഞു സസുഖം ഇവിടെ എത്തിയെന്നു മാത്രം പറഞ്ഞുകൊണ്ടു് സന്ദർശനവിവരം പറഞ്ഞുകേൾപ്പിച്ചുകൊള്ളട്ടേ. 'ചെറുപുഷ്പത്തി'നു ഇപ്പോൾ ജീവിക്കുന്നവ

രായി ൪ സഹോദരികൾ ഉണ്ടു്. അവർ, പൗളിൻ, മരിയ, സെലിൻ, ലെയൊനിയെ, എന്നിവരാണ്. പൗളിനും മരിയയും സെലിനും 'ചെറുപുഷ്പം' ജീവിച്ചു മരിച്ച ആ ആശ്രമത്തിൽ തന്നെയാണ് വസിക്കുന്നതു്. പൗളിൻ ഈശോയുടെ ആഞ്ഞസമ്മയെന്നും, മരിയാ, ഈശോയുടെ തിരുഹൃദയത്തിന്റെ മറിയം സഹോദരിയെന്നും, സെലിൻ തിരുമുഖത്തിന്റെ ജനവീവെ, എന്നുമുള്ള നാമധേയങ്ങളാൽ ഇപ്പോൾ അറിയപ്പെടുന്നു. നാലാമത്തെ സഹോദരിയായ ലെയൊനിയെ, ഒരു വിസിറ്റേഷ്യൻ സഭാംഗമാണ്. അവളുടെ പേർ ഫ്റാൻസസ് സഹോദരി എന്നാണ്. ലിസിയിൽ നിന്നു വളരെ അകലെ അല്ലാത്ത 'കായ്യൻ' എന്ന സ്ഥലത്താണ് അവൾ ജീവിതം നയിക്കുന്നതു്. ഞാൻ ഫ്റാൻസിലായിരുന്നപ്പോൾ ഈ നാലു പേരേയും സന്ദർശിക്കുകയുണ്ടായി. അവർ നിങ്ങൾക്കായി ചില സന്ദേശങ്ങൾ എന്നെ ഏല്പിച്ചിട്ടുണ്ട്. ഈ നവദിന പ്രസംഗങ്ങളുടെ ഇടയ്ക്കു് അവയെ ഞാൻ നിങ്ങൾക്ക് വെളിപ്പെടുത്തുന്നതാണ്.

എന്റെ വിവരണത്തിന്റെ സ്പഷ്ടതയ്ക്കുവേണ്ടി ഒരു കർമ്മലീത്താ കന്യകാമഠത്തിലെ സഹോദരികളുടെ ജീവിതരീതിയെപ്പററി സ്വല്പമൊന്നു ആദ്യമായി പ്രസ്താവിക്കാം. കർമ്മലീത്താ സഹോദരികൾ അനുസരിക്കുന്ന നിയമപദ്ധതി മററെല്ലാ സന്യാസസഭകളുടെതിനെയും അപേക്ഷിച്ചു കർക്കശമായ ഒന്നാണ്. പരിപൂർണ്ണമായ ആജ്ഞാനുസരണം, പ്രാർത്ഥനാനുഷ്ഠാനം, ത്യാഗം ഇവയാണ് അവരുടെ ജീവിതത്തിന്റെ പ്രത്യേക ലക്ഷണങ്ങൾ. നിങ്ങളുടെയും എന്റെയും പാപങ്ങൾ പരിഹരിക്കുവാൻ വേണ്ടിയും അവർ ത്യാഗപ്രവൃത്തികളും പ്രാർത്ഥനകളും ദൈവസമക്ഷം സമർപ്പിച്ചുകൊണ്ടിരിക്കുന്നു. ത്യാഗവ്രതം അവരോടു സർവ്വപ്രധാനമായി അവശ്യപ്പെടുന്ന സംഗതികളിൽ ഒന്ന് ആശ്രമത്തിനുള്ളിൽ ഒരിക്കൽ കയറിയാൽപിന്നെ പുറത്തു ഇറങ്ങുവാൻ പാടില്ലെന്നുള്ളതാണ്. ആശ്രമത്തിന്റെ വാതിൽ അവർക്കായി ഒരിക്കൽ അടക്കുന്നതു എന്നന്നേക്കുമായിരിക്കും. കർമ്മലീത്താ സഹോദരികൾക്കു ഒരാശ്രമത്തിൽ നിന്നു വേറൊരാശ്രമത്തിലേക്കു മാററമില്ല.... വ്രതാനുഷ്ഠാനം കഴിഞ്ഞാൽ പിന്നെ സംബന്ധികളേയോ സ്നേഹിതരേയോ അവർ ദർശിക്കയില്ല. തക്ക കാരണമുള്ള പക്ഷം സ്നേഹിതന്മാർക്കും സംബന്ധികൾക്കും വല്ലപ്പോഴും വാതിൽ മുറിയിൽ ചെന്നു അവരെ ദർശിക്കാം. എന്നാൽ തങ്ങൾ സന്ദർശിക്കുന്ന സഹോദരിയെ അവർക്കോ, ആ സഹോദരിക്ക് ഇവരേയോ കണ്ണുകൊണ്ടു കാണുവാൻ സാധിക്കുകയില്ല. 'അഴിച്ചുവരു്' (grille) എന്നു പറയപ്പെടുന്ന ഘനമുള്ള ഭിത്തികൊണ്ടു അഭ്യന്തരവും ബാഹ്യവും എന്ന രണ്ടു ഭാഗങ്ങളായി വാതിൽ മുറി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ ചുവരിൽ മുളകൊണ്ടുള്ള കള്ളികൾ ഉണ്ടു്. ഇരുവശത്തുനിന്നുമുള്ള സംസാരം ഇവയിൽ കൂടി കേൾക്കാവുന്നതാണ്..... 'ചെറുപുഷ്പത്തിന്റെ സഹോദരികളെ കാണുവാൻ ആർക്കും സാധിക്കുകയില്ലെങ്കിലും ആ മൂന്നു കർമ്മലീത്താ സഹോദരികളുടെ ഇപ്പോഴുള്ള ആകൃതി എപ്രകാരമാണെന്നു നിങ്ങളോടു അറിയിക്കുവാൻ എനിക്കു സാധിക്കത്തക്കവണ്ണം അപ്രതീക്ഷിതമായ ഒരു സംഭവം ഉണ്ടായി. അതു് ഇങ്ങനെയാണ്.

ലിസിയിൽ ഒരു കാരുണ്യാസ്പത്രി (Misericode Hospital) ഉണ്ടു്. അതിൽ പരികർമ്മം ചെയ്യുന്ന കന്യകകളെ ഈ നാട്ടിൽ വിസിററിംഗു നഴ്സസ് (Visiting nurses) എന്നു പറയുന്നവരോടു ഉപമിക്കാം. ഞാൻചെന്നു അവരിൽ ഒരാളെ വിളിക്കുകയും സിസ്റ്റർ അഗത്താ എന്ന ഒരുവൾ എന്റെ അടുക്കൽ വരികയും ചെയ്തു. എന്റെ ഭാഗ്യാതിരേകത്താൽ ഈ സിസ്റ്റർ എത്താനും മാസങ്ങൾക്കു മുമ്പ് 'ചെറുപുഷ്പ'സഹോദരികളിൽ ഒരുവളായ മരിയയെ ഒരു കഠിനരോഗത്തിൽ പരിചരിച്ചവളായിരുന്നു. ഇവൾ രാവും പകലും മറിയയുടെ രോഗശയ്യക്കടുത്തു നിന്നിരുന്ന വേളയിൽ അവളെ മാത്രമല്ല ചെറുപുഷ്പത്തിന്റെ മററു

രണ്ടു സഹോദരികളായ പൗളിനെയും സെലിനേയും പല പ്രാവശ്യം കാണുകയും അവരെല്ലാരുമായി സംസാരിക്കുകയും ചെയ്യുകയുണ്ടായി. മാത്രമല്ല അവളോടു ഞാൻ ചെയ്യാൻ ആശിച്ചിരുന്ന ചോദ്യങ്ങൾക്കു മറുപടി തരുവാൻ അവൾ ഏററവും സന്നദ്ധയുമായിരുന്നു. ഞാൻ അവളോട് 'സഹോദരി! പൗളിൻ എങ്ങനെയിരിക്കുന്നു?' സിസ്റ്റർ അഗത്താ— "പൗളിൻ ഹ്രസ്വകായയാണ്. അവൾ ഇരുണ്ടവളും വളരെ ശോഷിച്ചവളുമത്രേ. അവളുടെ കണ്ണുകൾ വലിയതും കറുത്തതും പ്രകാശമേറിയതുമാകുന്നു. ഇതാണ് അവളുടെ ഒരു പ്രത്യേക ലക്ഷണം. അവൾ ചെറിയവളും ഹ്രസ്വകായയും ശോഷിച്ചവളുമായതു കൊണ്ട് 'അഞ്ഞതസമ്മ' എന്നു ലിസിയിൽ ആരും തന്നെ അവളെ വിളിക്കാറില്ല. പിന്നയൊ ചെറുപുഷ്പത്തെപ്പോലെ "കൊച്ചമ്മ" എന്നാണു വിളിച്ചു പോരുന്നത്. എന്തുകൊണ്ടെന്നാൽ ചെറുപുഷ്പം നാലുവയസ്സിൽ നടക്കുകയിൽ അവളുടെ സ്നേഹമാതാവന്തരിച്ചുപോയതിനാൽ പൌളിനാണല്ലോ അവളുടെ രണ്ടാനമ്മയായി തീർന്നത്. അന്നുമുതൽ പൌളിനാണു കൊച്ചുത്രേസ്യായുടെ അമ്മ".

ഞാൻ— "സഹോദരി, സെലിനെങ്ങിനെയിരിക്കുന്നു?" സി. അഗത്താ: സെലിൻ അത്ര ഇരുണ്ടവളല്ല. കോമളാംഗിയാണ്. അവളുടെ നേത്രങ്ങൾ നീല രേഖയോടു കൂടിയതാണ്. അവളുടെ ഈ വയസ്സുകാലത്തും പടങ്ങളിൽ ചിത്രിതമായിരിക്കുന്ന വി. കൊച്ചുത്രേസ്യായോടു അവൾക്കു സാമ്യമുണ്ടായിരിക്കുന്നു.

ഞാൻ— ഇനിയും മരിയാ എങ്ങനെ ഇരിക്കുന്നു എന്നു കൂടെ അറിവാനാഗ്രഹിക്കുന്നു.

സി. അഗത്താ: അവളാണു മൂന്നു സഹോദരികളിൽവച്ച് തടിച്ചവളും പ്രസന്നവദനയും. അവൾ പൌളിനെപ്പോലെ ഇരുണ്ടവളും കറുത്ത കണ്ണോടു കൂടിയവളുമാണ്. എന്നാൽ അവ പൌളിന്റെ കണ്ണുകൾപോലെ വലിയതോ പ്രകാശമേറിയതോ അല്ല. ഞാൻ— അവരിൽ ഏററം അഴകുള്ളവൾ ആരാണ്? സി. അഗ: (സംശയലേശംകൂടാതെ) സെലിനാണ്. എന്തുകൊണ്ടെന്നാൽ അവൾ ചെറുപുഷ്പത്തെപോലെ ഇരിക്കുന്നു. ഞാൻ— ആരാണ് ഏററവും ഭക്തിയുള്ളവൾ? 'പൌളിനാണ്' എന്നു സംശയംകൂടാതെ വീണ്ടും സഹോദരി മറുപടിപറഞ്ഞു. ഞാൻ— നിങ്ങൾ അപ്രകാരം വിചാരിക്കുവാൻ കാരണം എന്താണ്. സി. അഗ: കൊച്ചുത്രേസ്യായുടെ സ്വഭാവത്തെ രൂപീകരിച്ചതു പൌളിനാകയാൽ അവൾ അയിരിക്കണം എല്ലാവരേക്കാൾ പരിശുദ്ധ.

പ്രിയ സ്നേഹിതരേ! സിസ്റ്റർ അഗത്തായുമായുള്ള അപ്രതീക്ഷിതകൂടിക്കാഴ്ചമൂലം ചെറുപുഷ്പസഹോദരികളുടെ അട്ടത്തതും എന്നാൽ രസാവഹവുമായ സംഗതി വിവരങ്ങൾ നമുക്കു ലഭ്യമായിരിക്കുന്നു. ഈ വിവരങ്ങൾ പക്ഷെ ഇന്നു അഗത്താ ഒഴിച്ചു ആരിൽ നിന്നും പ്രാപ്യമാണോ എന്ന് എനിക്കു സംശയമുണ്ട്. നേരം അസമയമായി. നാളെ പൗളിനുമായുള്ള ആദ്യസന്ദർശന വിവരം നിങ്ങളെ ഏവരേയും അറിയിക്കാം.

(തുടരും)

# രക്തസാക്ഷിമകുടം.

(റവ. ജോൺ കിഴക്കേത്തോട്ടം, എസ്. ജെ.)

പശ്ചിമരാജ്യങ്ങളുടെ പരമാധികാരം വഹിച്ചിരുന്ന റോമാസാമ്രാജ്യം കത്തോലിക്കമതപീഡനത്താൽ കുപ്രസിദ്ധന്മാരായ ഡയോക്ലീഷൻ മാക്സീമിയൻ എന്നിരുചക്രവർത്തികൾ ഭരണം ചെയ്യവെ, റോമാസേനാധിപ



തിയായും, ഒരുത്തമ രാജഭക്തനായും,സർവ്വജനസമ്മതനായും റോമാസാമ്റാജ്യത്തിൻെറ എന്നപോലെതന്നെ കത്തോലിക്കസഭയുടെയും ഒരു വജ്റതിലകമായും പ്രഭുകുടുംബജാതനായ ദേവസ്യാനോസു പരിലസിച്ചിരുന്നു. രാജ്യത്തിന്നും, രാജാവിന്നും, മതത്തിന്നും, മതാചാരികൾക്കും ഒരാപ്തമിത്രമായിരുന്ന ഇദ്ദേഹം, തൻെറ പരിശുദ്ധവും പാവനവുമായ ജീവിതക്രമത്താലും, സുസ്ഥിരപ്രാർത്ഥനയാലും നിരന്തരപരിശ്രമത്താലും അജ്ഞാനാന്ധകാരബന്ധിതരായ അനേകം അവിശ്വാസികളെ അനശ്വരദീപമായ കത്തോലിക്കാസഭയിലേക്കു ആനയിച്ചു.

എന്നാൽ ഈ ജീവിതപദ്ധതി അനേകവഷം ദീർഘിക്കുവാൻ സർവ്വശക്തൻ ചിത്തമായില്ലതന്നെ. അക്കാലത്തു റോമാപുരിയിൽ ജീവിച്ചിരുന്ന രാജചാരനും, കുടിലഹൃദയനും, വഞ്ചകനുമായ പുൽവിയൻ ദേവസ്യാനോസിൻെറ വേദാചാരക്രമവും, മതതീക്ഷ്ണതയും, ഒന്നിലധികപ്രാവശ്യം വേണ്ടവണ്ണം മനസ്സിലാക്കി. കത്തോലിക്കരക്തപ്രിയനായ മാക്സിമിയനെ അയാൾ കാര്യം ഗ്രഹിപ്പിച്ചു. ആ വ്യാഘ്രരാജൻ ഈ വസ്തുത കേട്ടമാത്രയിൽ ഇതു സംഭവ്യമോ എന്നു സംശയിച്ചു് പെട്ടെന്നൊന്നു ഞെട്ടിയെങ്കിലും കാര്യത്തിൻെറ വാസ്തവം ഗ്രഹിക്കവാൽ ദേവസ്യാനോസിനെ രാജസന്നിധിയിൽ കൊണ്ടുവരുന്നതിനു ആജ്ഞാപിച്ചു. നിഷ്കപടഹൃദയനും, ധീരപുരുഷനും, ഉത്തമമതാനുസാരിയുമായ ആ വീരതിലകം, ആജ്ഞാനുസരണം രാജസമക്ഷം എത്തിയപ്പോൾ ആ മതവൈരി നാനാപ്രകാരേണ ദേവസ്യാനോസിനെ പുകഴ്ത്തിയശേഷം താൻ ഒരു ക്രിസ്ത്യാനിയോ, അതേ ഏററവും നീചമായി കുരിശിൽ തൂങ്ങിമരിച്ച ഒരു ഹീനമനുഷ്യൻെറ അനുഗാമിയോ എന്നു ഈഷൽഭാവത്തോടും, കോപാവേശത്തോടും ചോദിച്ചു.

ഇതു കേട്ട ആ വീരയോദ്ധാവു് സർവ്വജനസമക്ഷം ലവലേശം കൂസൽകൂടാതെ താൻ സർവ്വശക്തൻെറ ഏകസുതനായ യേശുമ്ശിഹായുടെ അനുഗാമിയാണെന്നു ഏററുപറഞ്ഞു. ഈ വാക്കുകൾ തൻെറ കർണ്ണപുടത്തിൽ പതിച്ചയുടനെ മാനിനെ കണ്ട സിംഹം കണക്കെ ആ നിഷ്ഠുരചക്രവർത്തി ഗർജ്ജിച്ചു. തൽക്ഷണം ദേവസ്യാനോസിനെ കാരാഗൃഹത്തിൽ അടക്കുവാൻ സമീപത്തു നിന്നിരുന്ന ഉപസേനാപതിയോടു കല്പിച്ചു. തൻെറ ആജ്ഞ താമസംവിനാ നിറവേററുവാൻ ശങ്കിച്ചു് ആ സൈനികൻ താനും ഒരുത്തമ കത്തോലിക്കനെന്നു ആ ക്രൂരവ്യാഘ്രത്തെ അറിയിച്ചു. ഇതുകേട്ട മാത്രയിൽ കോപാഗ്നിയാൽ ജ്വലിച്ചു് തൽക്ഷണം അയാളെ ഗദയാൽ അടിച്ചുടക്കുവാൻ അംഗരക്ഷകന്മാരോടു രാജാവു കല്പിക്കയാണു ചെയ്തതു. സൈനികനായ ക്വാഡ്റാററസ്സ് രാജകല്പനപ്രകാരം ഘാതകന്മാരുടെ ഗദാപ്രഹരത്താൽ തലപൊട്ടി രക്തം ചിന്തി രക്തസാക്ഷിയായി മരിച്ചു.

തദനന്തരം രാജാവു് ഒരു വില്ലാളിവീരനെ വരുത്തി ദേവസ്യാനോസിനെ ബന്ധിച്ചു് അതിരാവിലെ ആരും അറിയാതെ ഒരു മരത്തിൽകെട്ടി സർവ്വാംഗവും അമ്പിനാൽ എയ്തുകൊല്ലുവാൻ കല്പിച്ചു. രാജാനുസരണം ന്യൂമീഡിയാദേശിയായ ഒരു വില്ലാളിവീരൻ ദേവസ്യാനോസിനെ ബന്ധിച്ചു സ്വഗൃഹത്തിൽ കൊണ്ടുപോയി രാത്രിമുഴുവൻ കാരാഗൃഹത്തിൽ പാർപ്പിച്ചു.

ഇവിടെ ദേവസ്യാനോസു സമയം മുഴുവനും പ്രാൎത്ഥനയിൽ ചിലവഴിച്ചു. രക്തസാക്ഷിത്വം എന്ന ഈ അമൂല്യദാനത്തിനു സൎവ്വേശ്വരനെ അത്യധികമായി സ്തുതിച്ചു, കൃതജ്ഞതാപ്രകടനം ചെയ്യുതുമല്ലാതെ, രാജാവിനും, പ്രജകൾക്കും, സ്വമതത്തിനും, മതാനുസാരികൾക്കും മതോപദേഷ്ടാക്കൾക്കുംവേണ്ടി ഏററവും എരിവോടെ സൎവ്വേശ്വരനോടു പ്രാൎത്ഥിച്ചു. അപ്പോൾ തൻെറ മുഖകമലം ദിവ്യതേജസ്സാൽ പ്രശോഭിതമായി, ദൈവിക കാന്തിയാൽ കാരാഗൃഹം മുഴുവനും ദീപ്തിമയമായിത്തീൎന്നു.

പിറേറന്നാൾ പ്രഭാതത്തിൽ വില്ലാളി വീരൻ മററു ചില സഹായികൾ സഹിതം ദേവസ്യാനോസിനെ സമീപത്തുണ്ടായിരുന്ന ഒരു അരുവിയുടെ തീരത്തേക്കു കൊണ്ടുപോയി മേൽവസ്ത്രം അഴിച്ചു ഒരു മരത്തോടുചേൎത്തു ബന്ധിച്ചു. സന്തോഷാതിരേകത്താൽ, സേനാധിപതി സാദരം ആ മരത്തെ ആശ്ലേഷിച്ച്, ചുംബനം ചെയ്തു. സൎവ്വശക്തനു സാഷ്ടാംഗ നമസ്കാരം ചെയ്തു ശേഷം, സസന്തോഷം പീഡനത്തിനു തയ്യാറായിനിന്നു. ഘാതകന്മാർ തൽക്ഷണം ബാണങ്ങൾ തൊടുത്തുവിടുവാൻ തുടങ്ങി. പൂക്കററിയിൽനിന്നും ചിതറുന്ന തീപ്പൊരികൾപോലെ ശരമാരിയായിച്ചൊരിഞ്ഞ അസ്ത്രങ്ങൾ രോമകൂപങ്ങൾ തുളഞ്ഞു, ശരീരത്തിൽ തറഞ്ഞു, മാംസം പൊളിഞ്ഞു; ആ പുണ്യപുരുഷൻ നിൎജ്ജീവസമമായി ചമഞ്ഞു. ഇതുകണ്ട ആ നിഷ്ഠൂരസേവകന്മാർ താൻ മരിച്ചുവെന്നു വിചാരിച്ച് അദ്ദേഹത്തെ വെടിഞ്ഞു.

എന്നാൽ ഈശോതൻെറ വാത്സല്യ ദാസനെ കൈവിടുകയെന്നോ! അല്പസമയത്തിനുശേഷം ഈ വിവരങ്ങളെല്ലാം വേണ്ടവണ്ണം മനസ്സിലാക്കിയ ഒരു ക്രിസ്തീയ വനിതാരത്നം ശവസംസ്കാരത്തിനു വേണ്ട സാമഗ്രികളോടുകൂടി ധൃതിയിൽ പ്രസ്തുത സ്ഥലത്തെത്തി. എന്നാൽ ആ പുണ്യപുരുഷൻ ഇനിയും ജീവൻ വെടിഞ്ഞിട്ടില്ലെന്നു കണ്ടു, വേഗത്തിൽ കെട്ടുകൾ അഴിച്ചു, അസ്ത്രങ്ങളെല്ലാം ശരീരത്തിൽനിന്നു നീക്കി മുറിവുകൾ മുട്ടുകച്ചയാൽ കെട്ടി, ദേവസ്യാനോസിനെ ഒരു മഞ്ചത്തിൽ കിടത്തി തൽക്ഷണം സ്വഗൃഹത്തിലേക്കു കൊണ്ടുപോയി. കാലക്രമം കൊണ്ടു മുറിവുകൾ ഭേദപ്പെട്ടു, ബലക്ഷയം നീങ്ങി, പുണ്യവാൻ വീണ്ടും അരോഗ ദൃഢഗാത്രനായിത്തീൎന്നു.

ഈ വിധം ഇനിയും റോമാപുരിയിൽ താമസിക്കുന്നതു ഉചിതമല്ലെന്നു, ബന്ധുജനങ്ങൾ കരുതി നാടുവിട്ടുപോകുന്നതിനു അദ്ദേഹത്തോടു ഉപദേശിച്ചെങ്കിലും ദൈവചിത്തംപൂൎത്തീകരിക്കുന്നതിനു ദേവസ്യാനോസ് പരോപദേശം സാരമാക്കാതെ റോമാപട്ടണത്തിൽ തന്നെ താമസമുറപ്പിച്ചു.

ആഴ്ചകളും മാസങ്ങളും കഴിഞ്ഞു. ഒരു ദിവസം രാജാവു പരിവാരസമേതം തെരുവീഥിയിൽ കൂടി എഴുന്നള്ളുമ്പോൾ ദേവസ്യാനോസ് താൻ നിന്നിരുന്ന മാളികയുടെ കിളിവാതലിൽ കൂടി ഘോഷയാത്ര കാണുകയായിരുന്നു. രാജാവു യാദൃശ്ചികമായി പ്രസ്തുതസ്ഥലത്തേക്കുനോക്കിയപ്പോൾ തൽക്ഷണംദേവസ്യാനോസിനെ കണ്ടു. രാജാവു ഈ കാഴ്ച്ചയാൽ പെട്ടന്നു അന്ധാളിച്ചു ആൾ വാസ്തവത്തിൽ ദേവസ്യാനോസോ എന്നു സംശയിച്ചു. എങ്കിലും സംശയനിവാരണത്തിനു വേണ്ടി സംശയിക്കപ്പെട്ട ആളിനെ സമീപത്തിൽ വരുത്തിയപ്പോൾ രാജാവിൻെറ സംശയം നീങ്ങി. കോപാവേശത്താൽ മൃഗതുല്യനായ ആ ദുഷ്ടഭൂപതി സിംഹഗൎജ്ജനസമാനം 'നീ എതുവിധം രക്ഷപെട്ടു'എന്നുചോദിച്ചു. ദേവസ്യാനോസോ എന്നാൽ ഒരു പുഞ്ചിരിയോടുകൂടി ദൈവാനുകൂല്യത്താൽ, അതെ! തൻെറ ഏകരാജാവും സ്നേഹവുമായ ഈശോയുടെ അനുഗ്രഹത്താൽ താൻ പീഡനയിൽ നിന്നു രക്ഷപെട്ടുവെന്നും ഇനിയും ആ ദൈവിക നാഥനും രാജാധിരാജനും വേണ്ടി എന്തും സഹിക്കുവാൻ സന്നദ്ധനെന്നും രാജാവിനെ അറിയിച്ചു. ഇതുമല്ലാതെ അന്ധവിശ്വാസംവെടിഞ്ഞ്, സത്യവിശ്വാസം അനുസരിച്ചാൽ സകല പൂൎവ്വ പാപങ്ങളും സൎവ്വശക്തൻ സസന്തോഷം ക്ഷമിച്ചു സൎവ്വസൗഭാഗ്യപ്രദാനം ചെയ്യുമെന്നു രാജാവിനെ

അ പുണ്യപുരുഷൻ ഗ്രഹിപ്പിക്കുകയും ചെയ്തു.

ഇതുകേട്ട ക്രൂര രാജൻ, ബുദ്ധിഭ്രമം ഭവിച്ച ഒരു കരിമസ്തകംപോലെ കോപാധിക്യത്താൽ ഗർജ്ജിച്ച തൽക്ഷണം ദേവസ്യാനോസിനെ ഗദയാൽ അടിച്ചു പൊടിച്ചു നാമാവശേഷമാക്കുവാൻ അംഗഭടന്മാരോടു കല്പിച്ചു. തദ്വാരാ ഹിംസകന്മാർ ദേവസ്യാനോസിനെ ഗദാപ്രഹരത്താൽ ഭസ്മമാക്കി. ദേവസ്യാനോസും ക്രൂസലെന്യേ ക്ഷമയോടുകൂടി അടികൾ ഏററു, ആപാദചൂഡം രക്തം ചിന്തി ശിരസ്സു രണ്ടായി പിളൎന്നു സന്തോഷ വദനത്തോടുകൂടി രക്തസാക്ഷി മകുടം സ്വീകരിച്ചു.

അദ്ദേഹത്തിൻെറ തിരുശ്ശരീരം എടുത്തു കൊണ്ടുപോയി ഭൂഗർഭാലയത്തിൽ ശവസംസ്കാരം ചെയ്തു. കാലക്രമത്തിൽ ഈ പുണ്യപുരുഷൻെറ സ്മാരകമായി ബ്രഹ്മാണ്ഡമായ ഒരു ദേവാലയം റോമിൽ പണികഴിക്കപ്പെട്ടു.

# അൎമ്മേനികളും വേദപ്രചാരവും.

(ശ്രീമാൻ വി. ജോസഫ്, ചുങ്കത്ത്.)

ഗൃഹസ്ഥാശ്രമ പ്രവേശം ചെയ്യുന്നവരിൽ ഭൂരിപക്ഷത്തെ ലക്ഷ്യമാക്കി നമ്മുടെ പ്രകൃതത്തെ വ്യവഹരിക്കുന്ന പക്ഷം സുപരിചിതങ്ങളായ പല അനുദിനാനുഭവങ്ങൾകൊണ്ടു മതപ്രചാരണത്തിന്നു ഗാർഹസ്ഥ്യ ക്രൈസ്തവലോകത്തിലുള്ള സൌകൎയ്യങ്ങൾ നമുക്കു മനസ്സിലാക്കാം.

മനുഷ്യൻ മൃഗങ്ങളേപ്പോലെയല്ലല്ലോ. ആദ്ധ്യാത്മികസുഖാനുഭൂതിയ്ക്കായി സൃഷ്ടിയ്ക്കപ്പെട്ടിരിക്കുന്നതിനാൽ അവൻ തിന്നും കുടിച്ചും മൃഗപ്രായം സൈ്വരജീവിതം നയിക്കുന്നതിൽ തൃപ്തിയടയേണ്ടവനല്ല. കുബേരനായാലും കുചേലനായാലും ശരി, ലൗകിക ജീവിതസന്ധാരണ കൃത്യങ്ങളിൽ ഓരോരുത്തരും ബദ്ധശ്രദ്ധരായിട്ടാണു കാണപ്പെടുന്നത്. "എന്തു തിന്നും എന്തു കുടിക്കും" എന്നു ചിന്തിച്ചു തല പുണ്ണാക്കാതെ "കണ്ണു കാണുകയോ ചെവി കേൾക്കയോ ഹൃദയമാസ്വദിയ്ക്കയോ ചെയ്യിട്ടില്ലാത്ത" എന്തെന്നില്ലാത്ത അനിത്യാനുഭൂതിയണയുന്നതിന്നും അണയിപ്പിക്കുന്നതിന്നും അല്ലും പകലും സർവ്വപരിത്യാഗികളായി പണിപ്പെടുന്നവരെ ഗൃഹസ്ഥാശ്രമികളിൽ കണ്ടുകിട്ടാനെളുപ്പമല്ല. എന്നാൽ, കുക്ഷി പൂരണാൎത്ഥം ജീവിതസന്ധാരണം ചെയ്യുന്ന മദ്ധ്യേ, അപ്രതീക്ഷിതമായി അവർ ദർശിക്കുന്ന ചില സുഗമമാർഗ്ഗങ്ങളെ ആദ്ധ്യാത്മികോപകാരാൎത്ഥം വിനിയോഗിക്കുന്നതിന്നു മനസ്സുവച്ചാൽ അവർക്കും കഴിയും.

സുപരിചിതങ്ങളും അനിഷേധ്യങ്ങളുമായ ചില ആചാരോപചാരങ്ങൾ പലപ്പോഴും ഒരുപരിഷയെ മറെറാരു ജനാവലിയിൽനിന്നു വ്യത്യാസപ്പെടുത്തുന്നതായി നാം കാണുന്നു. അക്കൂട്ടത്തിൽ കത്തോലിക്കാ ക്രൈസ്തവർ ഇതരജനങ്ങളെയപേക്ഷിച്ച് അദ്വിതീയങ്ങളും പരിപാവനങ്ങളുമായ സനാതന ധർമ്മപ്രബോധനം ചെയ്യുന്ന സ്ഥിതിയ്ക്ക്, അവ പ്രവൃത്തികളിൽ പ്രായോഗികങ്ങളാക്കി പ്രത്യക്ഷപ്പെടുത്തേണ്ടതു സഭയിലെ ഓരോ വ്യക്തിയുടെയും ധൎമ്മമാണ്.

വേദപുസ്തകം കരത്തിലേന്തി നിലവിളിക്കാതെതന്നെ നമ്മുടെ ക്രൈസ്തവ പൗരന്മാൎക്കു ലോകത്തെ വിളിച്ചറിയിക്കാവുന്ന പലേ 'സുവിശേഷ'ങ്ങളുണ്ട്. അനുകരണീയാദൎശങ്ങൾ തന്നെ ഒരു പ്രത്യേകസ്ഥാനമെടുക്കണം. ദാ

ർദ്ധ്യമേറിയ വിശ്വാസത്തെ പ്രബലീകരിക്കുന്ന പ്രവൎത്തനങ്ങൾ തന്നെയാണ് സാധാരണമായി നല്ലയാദർശങ്ങളായി പുറത്തിറങ്ങുക. പ്രഭാതംമുതൽ പ്രദോഷംവരെ ഒരു ഗ്രാമീണ ക്രൈസ്തവ വ്യക്തിക്കുപോലും എത്ര മഹത്തായ വേദപ്രചാരണ ജോലിയെ തൻെറ കൃത്യനിർവ്വഹണത്തിൽ പ്രശോഭിപ്പിക്കാം! ഒരു കൎഷകനാകട്ടേ, കച്ചവടക്കാരനാകട്ടേ; പ്രഭുവാകട്ടേ, ദരിദ്രനാകട്ടേ; പണ്ഡിതനാകട്ടേ, പാമരനാകട്ടേ, മററാരുമാകട്ടേ; വേദപ്രചാരണത്തിൽ മഹത്തരങ്ങളായ ജോലികൾ നിൎവ്വഹിക്കുവാൻ കഴിവുപോന്നവരല്ലാതെ ഈ ഭൂമുഖത്താരുണ്ട്? ഐശ്വര്യാനുകൂല്യങ്ങളായ സ്വാധീനതയുടെ പരിമാണമനുസരിച്ച് ഒരുവനു സത്യധൎമ്മപ്രചാരണം ചെയ്വാൻ കടമയുണ്ടെങ്കിൽ, മുക്തിമാർഗ്ഗാന്വേഷണസാഗരത്തിൻെറ കല്ലോലത്തള്ളലിൽ വളഞ്ഞുപുളഞ്ഞ്, ആരുമൊരാശ്രയമില്ലാതെ മുങ്ങിച്ചാകാൻപോകുന്ന സഹോദരങ്ങളെ കരയ്ക്കണയ്ക്കുവാൻ, കരുത്തിരുന്നിട്ടും, കരളലിയാതെ വരുത്തിക്കൂട്ടുന്ന മഹാപാതകങ്ങളെയൊളിച്ചുവച്ചു "ഹേതുവേതുമറിഞ്ഞില്ല ജഗദീശാ!" എന്ന ഭാവത്തിൽ മൌനമായിരിക്കുന്നതു് ക്രൈസ്തവ പൌരജനത്തിൻെറ ആദ്ധ്യാത്മിക പരിഷ്കാരവളർച്ചയുടെ ഉത്തമലക്ഷണമാണോ? സൎവ്വവുമുപേക്ഷിച്ചു നാഥൻെറ പിന്നാലെപോകുന്നവൎക്കല്ല ഒരു വിധത്തിൽ നമ്മുടെയിടയിൽ മതപ്രചാരണം ചെയ്വാൻ എളുപ്പം. എന്നാൽ, അന്തഃകരണത്തെ സാക്ഷ്യംനിറുത്തി, സ്വാൎത്ഥതയെ കൈവെടിഞ്ഞു പ്രവൎത്തിക്കുന്ന ചുരുങ്ങിയ ഗൃഹസ്ഥരെങ്കിലും ഈ കേരളത്തിൽ തുനിഞ്ഞിറങ്ങുന്നപക്ഷം നമ്മുടെ സഹോദരങ്ങളുടെ വാസ്തവ മതപ്രവേശം ഒന്നിരട്ടിയ്ക്കുകയും, നമ്മിൽത്തന്നെ വെറും നാമധാരികളായി പരിലസിക്കുന്ന 'കെങ്കേമ'ന്മാരുടെ മനോഭാവങ്ങൾ ഒന്നുപുത്തനാക്കിച്ചെയ്യുകയും ചെയ്യുമായിരുന്നു!

നോക്കുക! ഒരു കത്തോലിക്കാ ഗൃഹസ്ഥനു മനസ്സുണ്ടെങ്കിൽ തൻെറ സഹോദരങ്ങളെ രക്ഷിക്കുന്നതിൽ എന്തു പ്രയാസമാണുള്ളതു്? അവൻെറ ചുററിലും അവനിൽനിന്നു പഠിപ്പാനായി അസംഖ്യമനുചരന്മാർ പ്രതിനിമിഷം ഓടിക്കൂടുന്നു! പക്ഷെ, അവൻ ആദർശപുരുഷനല്ലെന്നു വന്നാൽ ഫലം നാസ്തി. വാക്കിലും നോക്കിലും ക്രൈസ്തവാദൎശം വിത്തുവിതയ്ക്കുന്നതായാൽ ഒരുത്തമ കത്തോലിക്കൻ കൊയ്യുന്ന കൊയ്ത്തു നൂറുമേനിവരെ വിളയും. എന്നാൽ ക്രൈസ്തവ വിശ്വാസത്തിനു ബദ്ധവിരുദ്ധങ്ങളായ അക്രമച്ചെയ്തികൾ വാസ്തവമാൎഗ്ഗത്തിൽനിന്നു അവനെ വ്യതിചലിപ്പിക്കുന്നപക്ഷം അവൻെറ അനുചരന്മാരും വാസ്തവ പന്ഥാവി,,ന തിരിച്ചറിവാൻ മേലാതെ വ്യതിയാനം ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല.

ഒരു ഗൃഹസ്ഥൻെറ ധൎമ്മനിഷ്ഠ, തൻെറ പരിസരപ്രദേശനിവാസികളായ അക്രൈസ്തവരുടെ സത്യദീപമായി പരിശോഭിക്കുന്നതിലത്രേ വിളങ്ങിക്കാണേണ്ടതു്. അവൻെറ ഗാർഹിക ധൎമ്മങ്ങളിൽ മതശാസനങ്ങൾ പ്രതിബിംബിച്ചു കാണണം. തദ്വാരാ, അക്രൈസ്തവർ അവനാൽ ആകൎഷിതരാകും. മതവിവൎത്തനത്തിനു വിഘാതങ്ങളായിബ്ഭവിക്കുന്ന സ്വാൎത്ഥപരമായ മിഥ്യാലാഭങ്ങളെ ഒരു ഗൃഹസ്ഥൻ പാടേ വിപാടനം ചെയ്യേണ്ടതാണു്.

കൂടാതെ, മതപ്രചാരണ സംഘങ്ങളെ ഉള്ളഴിഞ്ഞു സഹായിപ്പാനും, ഇക്കാലത്തു സാഹിത്യപരമായ കാൎയ്യങ്ങളിൽ കുറെ കൂടുതലായി സഹകരിപ്പാനും ഒരു കത്തോലിക്കാ ഗൃഹസ്ഥൻ ബദ്ധശ്രദ്ധനായിക്കാണുന്നതു് മതപ്രചരണ കാൎയ്യങ്ങളിൽ എത്ര ശ്രദ്ധേയമായ കാൎയ്യങ്ങൾ!

### ൧൯൨൯ മകരമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

മാർപ്പാപ്പായുടെ നേർക്കുള്ള ആജ്ഞാനുസരണം.

ദൈവപുത്രനായ മ്ശിഹാ മനുഷ്യരക്ഷയ്ക്കായി ഒരു ദിവ്യസ്ഥാപനം ലോകത്തിൽ ഏർപ്പെടുത്തുന്നതിനു തിരുമനസ്സായപ്പോൾ ദൃശ്യനായ ഒരു തലവൻ എപ്പോഴും അതിനുണ്ടായിരിക്കണമെന്നു വ്യവസ്ഥ ചെയ്തു. അളവില്ലാത്ത തൻെറ ബോധജ്ഞാനത്തിനു സർവ്വപ്രകാരേണയും യോഗ്യമായിരിക്കുന്നു എന്നേ പറവാനുള്ളൂ. ശ്ലീഹന്മാർ പന്ത്രണ്ടു പേരുണ്ടായിരുന്നെങ്കിലും അവരിൽ ഒരുവനെ അവരുടെ പ്രധാനിയായി നിശ്ചയിച്ചു. വി. ജെറോം പറയുന്നതു പോലെ "തലവനായി ഒരാൾ നിശ്ചയിക്കപ്പെടുന്നതിനും, തന്മൂലം സഭയിൽ ഭിന്നിപ്പിനുള്ള വഴി അടച്ചുകളയുന്നതിനും വേണ്ടി പന്ത്രണ്ടു പേരിൽ ഒരാൾ" തെരഞ്ഞെടുക്കപ്പെടുകയാണ് ഉണ്ടായതു്. കത്തോലിക്കാസഭയിൽ ഇന്നു കാണപ്പെടുന്ന മെത്രാന്മാർ എല്ലാവരും അപ്പൊസ്തോലന്മാരുടെ പിൻഗാമികളാണ്. അവർ എല്ലാവരും തുല്യാധികാരത്തോടുകൂടെ വേറൊരു പരമാധികാരമില്ലാതെ സഭാഭരണം നടത്തുന്ന പക്ഷമുള്ള അനുഭവം എത്ര ശോചനീയമായിരിക്കുമെന്നു ഊഹിപ്പാൻ പോലും അസാദ്ധ്യം. കത്തോലിക്കാ സഭയുടെ അസൂയാർഹമായ വിജയത്തിൻെറ അടിസ്ഥാനം ഈ പരമാധികാരമാണ്. അകത്തോലിക്കരും ഇതു സമ്മതിപ്പാൻ നിർബന്ധിതരായിത്തീരുന്നുണ്ടു്. ആംഗ്ലിക്കൻ സഭയിലെ പ്രസിദ്ധനായ ഹാലിഫാക്സ് പ്രഭുവിൻെറ



അഭിപ്രായം സകല ലോകത്തിൻെറയും ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. പ്രോട്ടസ്റ്റൻറുകാരുടെ ഒരു മഹാജന സമ്മേളനത്തിൽവച്ചു അദ്ദേഹം ഇപ്രകാരം തുറന്നു പറഞ്ഞിരിക്കുന്നു. "കഴിഞ്ഞ മഹായുദ്ധത്തിൽ വിജയം സിദ്ധിക്കുന്നതിനും പരാജയം സംഭവിക്കാതിരിക്കുന്നതിനും നമുക്കു ഒരു നേതാവു് ഒഴിച്ചുകൂടാത്തതായിരുന്നു. പാപത്തോടും അവിശ്വാസത്തോടുമുള്ള സഭയുടെ പോരാട്ടത്തിൽ ജയം ലഭിക്കുന്നതിലേക്കു ക്രിസ്തീയ സഭകൾക്കെല്ലാം ഒരു തലവൻ അതുപോലെ തന്നെ അവശ്യാവശ്യമല്ലയോ? നമ്മുടെ സൈന്യങ്ങൾ മാഷൽ ഫോഷിനെ സേനാനായകനായി വരിച്ചതുപോലെ പതിനൊന്നാം പിയൂസിനെ നാം നേതാവായി സ്വീകരിക്കുന്നതു നന്നായിരിക്കയില്ലയോ?" അതേ ഇതുതന്നെയാണു ഇന്നുലോകസമാധാനത്തിനും ക്രിസ്തീയ സഭകളുടെ വിജയത്തിനും അത്യാവശ്യമായിട്ടുള്ളതു. ഈ തലവനെ ഒഴിച്ചു നിർത്തിക്കൊണ്ടുള്ള സർവ്വരാജ്യസഖ്യങ്ങളും, സന്ധിയാലോചനകളും, സമാധാന ഉടമ്പടികളും, പുനരൈക്യകോൺഫറൻസുകളും ശാശ്വതമായ ഫലത്തെ ചെയ്യുകയില്ലെന്നു ഇതേവരെയുള്ള അനുഭവം തെളിയിച്ചിരിക്കുന്നു. ആകയാൽ മേലാലെങ്കിലും മ്ശിഹായുടെ പ്രതിനിധിയുടെ സ്വരം സർവ്വത്ര കേൾക്കപ്പെടുന്നതിനും, സാദരം അനുസരിക്കപ്പെടുന്നതിനും ഇടയാകണം.

അദ്ദേഹത്തിൻെറ സ്വർഗ്ഗീയമായ ആദ ൎശങ്ങൾക്കും ആജ്ഞകൾക്കും ലോകത്തിൽ കൂടുതൽ പ്രാബല്യമുണ്ടാകണം. അപ്പോൾ മാത്രമേ ദൈവ രാജ്യത്തിനു സാക്ഷാല്പുള്ള പ്രചാരം സിദ്ധിക്കയുള്ളു. അപ്പോൾമാത്രമേ രാജ്യഭാരധുരന്ധരന്മാർ മററുവഴിയ്ക്കു അന്വേഷിക്കുന്ന മൈത്രിയും സമാധാന ബന്ധവും ലോകത്തിൽ പ്രത്യക്ഷപ്പെടുകയുള്ളു. ഇതിലേക്ക വേണ്ട വെളിവും വിവേകവും നേതാക്കന്മാർക്കുണ്ടാകുന്നതിനുവേണ്ടി തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കണം.

ഫെബ്രുവരിമാസം.
തിരുസഭയും യുവജനങ്ങളുടെ
വിദ്യാഭ്യാസവും.

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. വി. യോഹന്നാൻ ബർക്കുമാൻസ്.

### I. യോഹന്നാൻെറ ജനനം.

പ്രിയ കുഞ്ഞുങ്ങളേ,

കഴിഞ്ഞകൊല്ലം വി. ലൂയീസിൻെറ ചരിത്രം നിങ്ങളെ ഞാൻ പറഞ്ഞു കേൾപ്പിച്ചു. ലൂയീസു ഒരു രാജകുമാരനായിരുന്നു. ഭയങ്കരമായ തപക്രിയകൾ ചെയ്തു പുണ്യവാളനായി. സാധാരണ ചെറുപ്പക്കാൎക്കെല്ലാം ലൂയീസിനോടു വലിയ ഭക്തിയാണെങ്കിലും എല്ലാവൎക്കും ആ പുണ്യവാനേ അനുകരിക്കാനുള്ള ധൈൎയ്യം ഉണ്ടാകയില്ല. അതിനാൽ ഇത്തവണ ആൎക്കുംകണ്ടുപഠിക്കത്തക്ക ചെറുപ്പക്കാരനായ ഒരു പുണ്യവാൻെറ ചരിത്രമാണു പറയാൻ പോകുന്നതു. രാജകുമാരനുമല്ല, പ്രഭുകുമാരനുമല്ല. ഒരു പാവപ്പെട്ട ചെരുപ്പുകുത്തിയുടെ മകൻ. കേട്ടാൽ പേടിതോന്നത്തക്ക ജീവിതമുറയൊന്നുമില്ല. എല്ലാം സാധാരണതരം ജീവിതം. സാധാരണ കാൎയ്യങ്ങളെ അസാധാരണ വിധത്തിൽ ചെയ്തുകൊണ്ടു് ദൈവമാതാവിൻെറ ഒരു വാത്സല്യമകനായി ജീവിച്ച പുണ്യവാനായ ഒരു യുവാവു. ഈ പുണ്യവാൻെറ പേരാണു യോഹന്നാൻ ബർക്കുമാൻസെന്നു മുകളിൽ ഞാൻ കാണിച്ചിരിക്കുന്നതു. ഈയാണ്ടത്തേയ്ക്കു ഈ പരിശുദ്ധൻെറ സങ്കേതത്തിൽ നമ്മേ മുഴുവനായി ഏൽപ്പിച്ചുകൊണ്ടു്, പുണ്യബാലൻെറ ചരിത്രം കേൾക്കുകയും അദ്ദേഹത്തിൻെറ പുണ്യങ്ങൾ കണ്ടുപഠിക്കയും ചെയ്യാൻ നമുക്കു ശ്രമിക്കാം.

യൂറോപ്പിൽ ബൽജിയം എന്നൊരു രാജ്യത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കുമല്ലൊ. ഒരു ചെറിയ രാജ്യമാണതു്. എങ്കിലും ഒരു വലിയ കത്തോലിക്ക രാജ്യമാണു്. ജനങ്ങളെല്ലാം കത്തോലിക്കരാണു്. നല്ല വിശ്വാസസ്ഥിരതയുള്ള കത്തോലിക്കരുമാണു്. അതിൻെറ തലസ്ഥാനപട്ടണമായ ബ്രസ്സൽസിൽനിന്നു അധികമകലെയല്ലാതെ ഡീയെസ്ററു എന്നൊരു ചെറിയ നഗരമുണ്ടു്. അവിടെയുള്ള ഒരു പാവപ്പെട്ട തുകൽപ്പണിക്കാരൻെറ മകനായിട്ടാണു് ൧൫൯൯ മാർച്ച് ൧൩--ാംനു- ശനിയാഴ്ച വി. യോഹന്നാൻ ബർക്കുമാൻസ് ജനിച്ചതു്. ബർക്കുമാൻസു എന്നുള്ളതു കുടുംബപ്പേരായിരുന്നു. ബർക്കുമാൻസുകുടുംബം വലിയ സ്വത്തൊന്നുമുള്ള കുടുംബമായിരുന്നില്ല. എങ്കിലും പുണ്യവാൻെറ പിതാവായ യോഹന്നാനും, മാതാവായ എലിസബെത്തും ദൈവഭക്തിയുള്ള നല്ല കത്തോലിക്കരായിരുന്നു. അവരുടെ കടിഞ്ഞൂൽപുത്രനായിരുന്ന കൊച്ചുയോഹന്നാ

ൻ. പുണ്യവാനു മൂന്നു സഹോദരന്മാരും ഒരു സഹോദരിയുമാണുണ്ടായിരുന്നതു്. സഹോദരന്മാരിൽ ആഡ്റിയാൻ അഗസ്തീനോസു് പുണ്യവാന്റെ സഭയിൽ സന്യാസിയായിച്ചേൎന്നു് ഫിലിപ്പൈൻ ദ്വീപുകളിൽ ഒരു മിഷ്യനറിയായിപ്പോകയും അവിടെ വച്ചു മരിക്കയുമാണു ചെയ്തതു്. ചാറൽസ് എന്ന അനുജൻ യോഹന്നാനെ അനുകരിച്ചു ഈശോസഭയിൽ പ്രവേശിച്ചു. ബർത്തുൽമൈ എന്ന അനുജൻ പട്ടാളത്തിൽ ചേരുകയും, സഹോദരിയായ മേറി വിവാഹാന്തസ്സിൽ ജീവിക്കയും ചെയ്തു. പുണ്യവാന്റെ പിതാവും ഭാൎയ്യയുടെ മരണശേഷം ഗുരുപ്പട്ടമേറ്റു കുറേക്കാലം ജീവിച്ചിട്ടാണു മരിച്ചതു്.

പ്രിയ കുഞ്ഞുങ്ങളേ, എത്ര ഭാഗ്യപ്പെട്ട കുടുംബമാണെന്നു നോക്കുക. ലോകസമ്പത്തു് കുറഞ്ഞാലും പുണ്യസമ്പത്തുണ്ടാകുമ്പോൾ ദൈവാശീൎവാദമുണ്ടാകും. അതുണ്ടാകുമ്പോൾ സകല ഭാഗ്യവും അതിനോടെയുണ്ടാകയും ചെയ്യും. ദൈവത്തെ മറന്നു ലോകമേ ശരണമെന്നുവച്ചു കഴിച്ചുകൂട്ടുന്ന കുടുംബങ്ങളുടെ സ്ഥിതി എത്ര നിൎഭാഗ്യം!



വി. യോഹന്നാൻ ബക്കുമാൻസ് പുണ്യവാൻ.

## II. ഈമാസത്തെ മദ്ധ്യസ്ഥൻ- വി. ക്രിസോസ്തോമ്മോസ് മല്പാൻ.

(തിരുനാൾ ജനുവരി 27-ാംനു- ഞായറാഴ്ച)

അഞ്ചാംശതാബ്ദത്തിൽ കൊൺസ്തന്തിനോപ്പോളി മഹാരൂപതയുടെ മെത്രാനായിരുന്നു ഈ പുണ്യവാൻ. ദൈവസ്നേഹത്താൽ എരിഞ്ഞിരുന്നതുകൊണ്ടു ദൈവദ്രോഹങ്ങൾ വിശുദ്ധനു സഹിച്ചുകൂടായിരുന്നു. ഇതിനാൽ അക്രമികളെ കഠിനമായി ശാസിക്കയും, ദൈവത്തിൻപക്കലേക്കു തിരികെ കൊണ്ടുവരുന്നതിന്നു പാടുള്ള ശ്രമങ്ങളെല്ലാം ചെയ്കയും ചെയ്തു. ഇതു നിമിത്തം പുണ്യവാനു പല ശത്രുക്കളുണ്ടായി. രാജബലത്തോടുകൂടെ അവർ ഇദ്ദേഹത്തെ പല പ്രാവശ്യം നാടുകടത്തിക്കയും പല വിധത്തിൽ ഉപദ്രവിപ്പിക്കയും ചെയ്തു. സകലത്തിലും ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ എന്നുമാത്രം പുണ്യവാൻ പറഞ്ഞുവന്നു. ഈ വചനങ്ങൾ തന്നെ ഉച്ചരിച്ചുകൊണ്ടു അന്ത്യശ്വാസം വിടുകയുമാണുചെയ്തതു്. എന്തെല്ലാം ഞെരുക്കങ്ങളുണ്ടായാലും പാപത്താൽ ദൈവത്തെ ഉപദ്രവിപ്പാൻ സമ്മതിക്കരുതു. ഇതിനായി ഈ പരിശുദ്ധനോടു ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കണം.

## III. കെ. സി. സി. എ. ഡയറി.

ആയിരം നന്മനിറഞ്ഞ മറിയം തികച്ചുകയും പിറവിച്ചു വിശുദ്ധകുർബാന ഉൾക്കൊള്ളുകയും ചെയ്ത സംഘാംഗങ്ങളുടെ ഏതാനും പേരുകൾ കിട്ടിയിട്ടുണ്ട്. എല്ലാം വന്നെത്താൻ സമയമായിട്ടുമില്ല. അതിനാൽ അടുത്തമാസത്തേയ്ക്കു ചിട്ടി എടുക്കുന്നുള്ളു. പേരുവിവരം അയച്ചിട്ടില്ലാത്തവർ സെക്രട്ടറിമാർവഴി അയച്ചുതരണം.

* * *

കഴിഞ്ഞ പന്ത്രണ്ടുമാസത്തെ നമ്മുടെ മാസമദ്ധ്യസ്ഥന്മാരോടു മാസത്തിലൊരുപ്രാവശ്യമെങ്കിലും അപേക്ഷിച്ചിട്ടുള്ളവർ ആ മദ്ധ്യസ്ഥന്മാരുടെ പേരുകൾ എഴുതി അയക്കുന്നതായാൽ പ്രസ്തുത സഭാംഗങ്ങളുടെ പേരുകൾ ചിട്ടിയിട്ടെടുത്തു കഴിഞ്ഞ മാസത്തേപ്പോലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഈരണ്ടു സമ്മാനം വീതം നൽകുന്നതാണ്.

* * *

നവവത്സരത്തിലേക്കു നാം പ്രവേശിക്കുന്നു. നവമായ ഒരു ജീവനും ഉത്സാഹവുംനമ്മുടെ എല്ലാപ്രവൃത്തികളിലുമുണ്ടാകണം. നമ്മുടെ പ്രതിദിനജപങ്ങളെ ഭക്തിയോടും മുടക്കം കൂടാതെയും ചൊല്ലുന്നതിനു ഈ യാണ്ടുമുഴുവൻ ഒരു പ്രത്യേകശ്രമം ചെയ്തു ഒന്നു മത്സരിച്ചുനോക്കാം. നമ്മുടെ ആത്മാവിൻെറ പ്രതിദിന ഭക്ഷണമാണതു. അതു മുടക്കുകയോ കുറയ്ക്കുകയോ ചെയ്യുമ്പോൾ ആത്മാവു ക്ഷീണിക്കും. അതിൽ ശ്രദ്ധവച്ചുകൊണ്ടിരുന്നാൽ ആത്മാവിനു നല്ല സൌഖ്യമായിരിക്കും. ഈ കാര്യത്തിൽ ശ്രദ്ധിക്കുന്ന കുഞ്ഞുങ്ങൾ കുടുംബത്തിൽ എത്രയോ നല്ല മാതൃകയായിരിക്കും? ആകയാൽ ഇതു ഈ ആണ്ടത്തേക്കുള്ള നമ്മുടെ ഒരു പ്രധാന ശ്രദ്ധാവിഷയമായിരിക്കട്ടെ.

* * *

ഈ മാസത്തിൽ വരവു 2 1/4 രൂപ യുൾപ്പടെ ഇപ്പോൾ പൊതുഫണ്ടു 69 രൂപായാണുള്ളത്. ഇവിടത്തെ കുഞ്ഞുമക്കളുടെ ബാഡ്ജുകൾ മാതൃകയ്ക്കായി അയച്ചതു പത്തമ്പതെണ്ണം തിരികെ കിട്ടാതെപോയതിനാൽ പൊതുഫണ്ടിൽനിന്നു തന്നെ അവർക്കു ബാഡ്ജുകൾ ഉണ്ടാക്കി കൊടുക്കേണ്ടതായി വന്നിരിക്കുന്നു.

* * *

നവവത്സരമംഗളം എല്ലാവർക്കും ധാരാളമായുണ്ടാകുന്നതിനു് ഉണ്ണിമ്ശിഹാ അനുഗ്രഹിക്കട്ടെ.

എന്നു് നിങ്ങളുടെ സ്വന്തംകൊച്ചച്ചൻ.

# വർത്തമാനസംഗ്രഹം.

പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു കാർഡിനൽ പെറോസി, ലെപ്പിസിയെ എന്നിവരെ കാനൻലോയുടെ വ്യാഖ്യാനത്തിനുള്ള കമ്മററിയിലെ അംഗങ്ങളായി നിശ്ചയിച്ചിരിക്കുന്നു.

ബനദിക്തോസു മാർപ്പാപ്പാ ലോകമഹായുദ്ധകാലത്തു ചെയ്ത സമാധാനശ്രമങ്ങളുടെ സ്മാരകമായി റോമിൽ പത്രോസിൻെറ ദേവാലയത്തിൽ കഴിഞ്ഞ നവംബർ 21-ാംനു- തിരുമേനിയുടെ ഒരു പ്രതിമ സ്ഥാപിച്ചിരിക്കുന്നു.

മാർപ്പാപ്പാ തിരുമനസ്സിലെ ഗുരുപ്പട്ട സ്വർണ്ണജൂബിലി കമ്മററിയുടെ ഓണററി പ്രസിഡണ്ടായി കാർഡിനൽപൊംപീലിയെ നിയമിച്ചിരിക്കുന്നു.

ജോർജ്ജു ചക്രവത്തി തിരുമനസ്സിലെ ആലസ്യം അപകടസ്ഥിതിയിലായതാണെങ്കിലും ഇപ്പോൾ തിരുമേനിക്കു വളരെ ആശ്വാസമുണ്ടെന്നറിയുന്നു.

ഇക്കഴിഞ്ഞ ക്രിസ്തുവിന്റെ രാജത്വതിരുനാളവസരത്തിൽ പോർട്ടുഗൽ രാജ്യത്തിലെ ജനങ്ങളെയെല്ലാം തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചിരിക്കുന്നു.

അഫ്ഗാനിസ്ഥാനിലെ അമീർ യൂറോപ്പു പര്യടനശേഷം രാജ്യത്തിൽ വരുത്തിക്കൂട്ടിയ ചില പരിഷ്കാരങ്ങൾ നിമിത്തം ക്ഷോഭിച്ച ഒരുകക്ഷി സൈന്യശേഖരം ചെയ്തുകൊണ്ടു അദ്ദേഹത്തോടു എതിർത്തെങ്കിലും ഇപ്പോൾഎല്ലാം ഒരു വിധം ശാന്തമായിരിക്കുന്നു.

43-ാമത്തെ ഭാരതമഹാജനസഭ കൽക്കട്ടായിൽവച്ചു പണ്ഡിതമോട്ടിലാൽ നെഹ്രുവിന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞുകൂടിയിരിക്കുന്നു. കോൺഗ്രസ്സു പ്രസംഗങ്ങൾ ഉടനടി അമേരിക്കയിൽ കേൾക്കത്തക്കവണ്ണം ഇത്തവണ ദൂരശ്രവ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു.

ഇൻഡ്യയിൽ ഇപ്പോൾ ആകെ 3234 മിഷ്യനറി വൈദികർ വേല ചെയ്യുന്നതായി കാണുന്നു. അതിൽ 1421 പേർ വിദേശികളും 1813 പേർ സ്വദേശികളുമാണ്. ഇതുകൂടാതെ 5144 കന്യാസ്ത്രീകളും, 9587 ഉപദേശിമാരും വേദപ്രചാരത്തിൽ ഏർപ്പെട്ടു പ്രവൃത്തിച്ചു വരുന്നുണ്ട്.

ഒടുവിലെടുത്തിട്ടുള്ളകണക്കിൻപ്രകാരം ഈശോസഭയിൽഇപ്പോൾആകെ20,107 അംഗങ്ങളാണുള്ളത്. അതിൽ9,417 പട്ടക്കാരും 6,265 വൈദിക വിദ്യാർത്ഥികളും 4,425 തുണസഹോദരന്മാരുമാകുന്നു.

## പരേതനായ ക. നി. മൂ. സ. ബ. യൌ. ത്രേ.
## എലിസേവൂസച്ചനവർകൾ.

അർശ്ശസ്സു സംബന്ധമായ ഒരു ശസ്ത്രക്രിയയ്ക്കായി മദ്രാസ് ജനറൽആസ്പത്രിയിലേക്കു പോയിരുന്ന ഈ വന്ദ്യവൈദികൻ ഡിസംബർ 8-ാംനു- അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസം അന്ത്യകൂദാശകളെല്ലാം സുബോധത്തോടേ കൈക്കൊണ്ടു ഉച്ചകഴിഞ്ഞു മൂന്നു മണിക്കു അവിടെവച്ചു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. കറുകുററി ഇടവക പൈനാടത്തു ദേവസ്സി അവർകളുടെ കടിഞ്ഞൂൽ പുത്രനായിരുന്ന ഇദ്ദേഹം 1891 മിഥുനം 8-ാംനു- 15-ാമത്തെ വയസ്സിൽ കർമ്മലീത്താ സഭയിൽ പ്രവേശിക്കയും, 1897 മകരം 23-ാംനു- നിത്യ വ്രതങ്ങൾ അനുഷ്ഠിക്കയും ചെയ്തു. 1900 മിഥുനം 9-ാംനു- മാന്നാനത്തുവച്ചു നവപൂജ അർപ്പിച്ചു. ബോർഡിങ്ങു റെക്ടർ, അസ്തിരാന്തു ഡയറക്ടർ, നവസന്യാസികളുടെ ഗുരു, ശെമ്മാശ്ശന്മാരുടെ ഉപദേഷ്ടാവു, ആശ്രമശ്രേഷ്ഠൻ, ദഫ്നിത്തോർ ജനറാൾ എന്ന ജോലികൾ പ്രശംസാവഹമായ നിലയിൽ അദ്ദേഹം നടത്തിയിട്ടുണ്ട്. ക്രമാനുഷ്ഠാനങ്ങളിലും,ദൈവജനനിയുടെനേർക്കുള്ള ഭക്തിയിലുംഇദ്ദേഹംഒരു ഉത്തമമാതൃകയായിരുന്നു. കറുകുററി ആലുവാ എന്ന സ്ഥലങ്ങളിലെ പുതിയ സ്ഥാപനങ്ങൾക്കായി അക്ഷീണപരിശ്രമം ചെയ്യുകയും, ഒടുവിൽ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ആലുവാ ആശ്രമത്തിന്റെ ശ്രേഷ്ഠനായി നിയമിക്കപ്പെടുകയുമാണു ചെയ്തതു്. മരിക്കുമ്പോൾ അദ്ദേഹത്തിനു 52 വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. മദ്രാസ് വികാരി ജനറാൾ അവർകളാൽ അവിടെ തന്നെയാണു് അ

ഹത്തിൻെറ ശവസംസ്കാരം നടത്തപ്പെട്ടതു്. ഇദ്ദേഹത്തിൻെറ ആത്മാനുകൂലാത്ഥം വിശ്വാസികൾ പ്രാത്ഥിപ്പാറാകണം.

---

## മനോഗുണ വിവരങ്ങൾ.

ചുരുക്കമായി ഈ വിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം

മാർയൌസേപ്പു പിതാവിൻെറയും കൊച്ചുത്രേസ്യാപുണ്യവതിയുടെയും മദ്ധ്യസ്ഥതയാൽ എൻെറ സുഖക്കേടു മാറിയതിനു ഉപകാരസ്മരണ.

മാനുവേൽ പോത്തനൂർ.

എൻെറ മകളുടെ പ്രസവം സുഖമായി കഴിഞ്ഞതിനും വേറൊരു മനോഗുണം ലഭിച്ചതിനും അമലോത്ഭവ മാതാവിൻെറയും കൊച്ചുത്രേസ്യായുടെയും നേക്കുള്ള നന്ദിയെ നേർച്ചപ്രകാരം കുസുമംവഴി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

കെ. സി. ലോനപ്പൻ കരട്ടി.

വൈദ്യന്മാർ ഉപേക്ഷിച്ച ഒരു അസാദ്ധ്യരോഗം വി. കൊച്ചുത്രേസ്യായുടെ അനുഗ്രഹം മൂലം സുഖം പ്രാപിച്ചതിനു ഉപകാരസ്മരണ.

സിസ്റ്റർ ബ്രിജീത്താ കർമ്മലീത്താ മഠം
ചങ്ങനാശേരി.

കാണാതെപോയ ഒരു സാധനം വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ കണ്ടുകിട്ടിയതിനുപകാരസ്മരണ.

കെ. എം. ജെ. പട്ടിത്താനം.

ദൈവജനനിയുടെയും വി. കൊച്ചുത്രേസ്യായുടെയും പ്രത്യേകസഹായത്തിൽ ഒരു ജോലി സഫലമായതിനും, പെട്ടെന്നുണ്ടായ ഒരു സുഖക്കേടു നീങ്ങിയതിനും, അസാദ്ധ്യമെന്നു കരുതിയ ഒരു കാൎയ്യം സാധിച്ചതിനും ഉപകാരസ്മരണയായി 2 രൂപാ അയക്കുന്നു.

ഐസക്ക് വളവി എറണാകുളം.

വി. അന്തോനീസിൻെറ മദ്ധ്യസ്ഥതയാൽ ഒരു വലിയ കാൎയ്യം സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ.

ടി. ജെ. എം. ആനിക്കാടു.

അളവററ നന്മകാരിയായി ഇഹപരലോകങ്ങളിൽ പരിലസിക്കുന്ന പരി. കന്യാസ്ത്രീ മറിയത്തിൻെറ തിരുനാമം അനവരതം വാഴ്ത്തപ്പെടട്ടെ. അവിടത്തെ തൃപ്പാദങ്ങളിൽ അൎപ്പിക്കപ്പെട്ട എൻെറ പ്രാത്ഥനകൾ ഫലവത്തായതിലുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പി. ആർ. പിള്ള, എഫ്. എം. എസ്.

അതികഠിനമായ വിഷജ്വരത്തിൽ നിന്നും മഞ്ഞുമ്മേൽ വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ ഞങ്ങൾ രക്ഷപെട്ടതിനു ഉപകാരസ്മരണ.

എം. ഐ. കുഞ്ഞൻ, വാഴക്കുളം.

വി. കൊച്ചുത്രേസ്യായുടെയും, പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെയും, മാർ തോമ്മാ മെത്രാനച്ചൻെറയും സഹായത്താൽ പലവലിയ കാൎയ്യങ്ങൾ സാധിച്ചതിനു.

സ്കറിയാ ജോസഫ്, പൂഞ്ഞാർ.

തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും അനുഗ്രഹത്താൽ സ്കൂൾലീവിങ്ങ പരീക്ഷ ജയിച്ചതിനു.

ജെ. മേറി. കുറവലങ്ങാട്ട്.

വി. കൊച്ചുത്രേസ്യായോടുള്ള പ്രാത്ഥനയുടെ ഫലമായി എൻെറ ഭൎത്താവിനു ഒരു നല്ല ജോലി കിട്ടിയതിനു.

ലൂയിസാ പെറെയിരാ സിലോൺ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ധാരാളം വെള്ളമുള്ള കിണറു കിട്ടിയതിനു.

കെ. സി. ജെ.

ഈശോ, മറിയം, യൌസേപ്പിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ എൻെറ ദീനങ്ങൾ സുഖപ്പെട്ടതിനു.

എം. റി. ഏലി. കിടങ്ങൂർ.

വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോനീസിൻെറയും മാദ്ധ്യസ്ഥത്താൽ വെള്ളംകൊണ്ടു കൃഷിനഷ്ടം വരാഞ്ഞതിനും നീറെറലി ഉപദ്രവം മാറിയതിനും.

കെ. ജെ. മുടിയൂർക്കര.

കുറുമ്പനാടത്തെ തിരുക്കുടുംബ ഗിരിയിലെ ഈശോ മറിയം യൌസേപ്പിൻെറ സഹായത്താൽ ഒരു മനോഗുണം ലഭിച്ചതിനു ഉപകാരസ്മരണ.

ടി. എസ്. സി. ചങ്ങനാശ്ശേരി.

# പഞ്ചാംഗം.

എപ്പകത്തി ൧൯൨൮. [illegible] ഞായറാഴ്ച അക്ഷരം. [illegible]

## ൧൯൨൮ ജനുവരി — ൧൧൦൩ ധനു. - മകരം.

| | | | | |
|---|---|---|---|---|
| 1 | 18 | ചൊ | ✠ ന. ക. ഛേദനാചാരം ന. കു. പെ. | വെ. |
| | | | ചേപ്പുങ്കൽ, കോസനല്ലൂർ, വടയാർ, പുന്നത്തുറ, രാമപുരം, കോതമംഗലം, കാഞ്ഞിരപ്പള്ളി. | |
| 2 | 19 | ബു | വേ. എസ്തപ്പാനോസ് എട്ടാം ന. ആ. കു. പെ. | ച്ചു. |
| 3 | 20 | വ്യാ | യോഹന്നാൻ എട്ടാം ന. ആ. കു. പെ. | വെ. |
| 4 | 21 | വെ | ശു. കുഞ്ഞിപ്പൈതങ്ങൾ എട്ടാം ന. ആ. കു. പെ. | ച്ചു. |
| 5 | 22 | ശ | ദെനഹാ തലേ ന. ആ. കു. തലേ. | വെ. |
| 6 | 23 | ഞാ | ✠ ന. കു. ദെനഹാ വ്യദിനം ന. കു. പെ. [illegible] | വെ. |
| | | | പാലാ, പുളിംകുന്ന്, എഴുപുന്ന, മുട്ടുചിറ. | |
| 7 | 24 | തി | ദെനഹാ എം. എം. ന. കു. പെ. | വെ. |
| 8 | 25 | ചൊ | ദെനഹാ എം. ന. കു. പെ. | വെ. |
| 9 | 26 | ബു | ദെനഹാ. എം. ന. കു. പെ. | വെ. |
| ● 10 | 27 | വ്യാ | ദെനഹാ എം. ന. കു. പെ. | വെ. |
| 11 | 28 | വെ | ദെനഹാ. എം. ന. കു. പെ. | വെ. |
| 12 | 29 | ശ | ദെനഹാ. എം. ന. കു. പെ. | വെ. |
| 13 | 30 | ഞാ | ✠ ദെനഹാ ൧-ാം ഞാ. ന. കു. ആ. [illegible] | വെ. |
| 14 | 1 | തി | അ. മെ. ഹില്ലാരിയോസ് ന. ആ. കു. പെ. | വെ. |
| 15 | 2 | ചൊ | ആദ്യവനവാസി പൌലോസ ന. ആ. കു. പെ. | വെ. |
| 16 | 3 | ബു | പാ. വേ. മർസലോസ ന. ആ. കു. പെ. | ച്ചു. |
| 17 | 4 | വ്യാ | ആബാ. അന്തോനി. ന. ആ. കു. പെ. | വെ. |
| 18 | 5 | വെ | ശ്ലീ. പത്രോസ് റോമാസിംഹാസനം ന. ആ. കു. പെ. | വെ. |
| 19 | 6 | ശ | വേദ. മരിയോസും കൂട്ടരും ന. ആ. കു. പെ. | ച്ചു. |
| 20 | 7 | ഞാ | ✠ ദെനഹാ ൨-ാം ഞാ. ഈ. തിരു. ന. കു. ആ. [illegible] | വെ. |
| | | | ☞ തിങ്കൾ, ചൊവ്വാ, ബുധൻ മൂന്നുനോമ്പു പള്ളിയിൽ അറിയിക്കണം. | |
| 21 | 8 | തി | വേ. അഗ്നേസ് ന. ആ. കു. പെ. | ച്ചു. |
| | | | കുറവിലങ്ങാട്ടു മൂന്നു നോമ്പു തുടക്കം. | |
| 22 | 9 | ചൊ | വേദ. അനസ്താസി ന. ആ. കു. പെ. | ച്ചു. |
| 23 | 10 | ബു | ക. വേദ. എമത്തിയാനാ. ന. ആ. കു. പെ. | ച്ചു. |
| 24 | 11 | വ്യാ | അ. വേദ. തിമ്മോത്തേയോസ് ന. ആ. കു. പെ. | ച്ചു. |
| ◐ 25 | 12 | വെ | പൗലോസ് ശ്ലീ. മനസ്സുതിരിവ് ന. ആ. കു. പെ. | വെ. |
| | | | അതിരമ്പുഴ, കല്ലൂർക്കാട്ടു വി. സെബസ്ത്യാനോസ് | |
| 26 | 13 | ശ | അ. വേ. പൊലികാപ്പ് ന. ന. ആ. കു. പെ. | ച്ചു. |
| 27 | 14 | ഞ | ✠ ൧൦-ാം ഞായർ ന. കു. ആ. [illegible] | റോ. |
| | | | ☞ ശനി തിരുനാൾ കടം പള്ളിയിൽ അറിയിക്കണം. | |
| 28 | 15 | തി | ക. വേ. അഗ്നേസ് ന. ആ. കു. പെ. | ച്ചു. |
| 29 | 16 | ചൊ | അ. മ. ഫ്രൻസീസ്സോസ് സാലസ് ന. ആ. കു. പെ. | വെ. |
| 30 | 17 | ബു | ക. വേ. മത്തീനാ ന. ആ. കു. പെ. | ച്ചു. |
| 31 | 18 | വ്യാ | മാ. പത്രോസ് ന. ആ. കു. പെ. | വെ. |

Printedand Published for the Proprietor by P. K. Joseph at the
St. Joseph's Press, Mannanam, 1928.